
23
2021
സെപ്റ്റംബർ
വ്യാഴം
1197
കന്നി 7

NAUTICAL TIMES
KERALA
The National Daily in Malayalam / English
# നോട്ടിക്കൽ ടൈംസ് കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-3, Issue No. 158 Page 4, | Price: Rs. 2 | പുസ്തകം-3 ലക്കം-158 | പേജ് 4. വില 2.00 രൂപ




02 ▶ സ്കൂൾ വാഹനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ മാർഗരേഖ തയ്യാറാക്കി: മന്ത്രി
03 ▶ സീറോ മലബാർ സഭ പബ്ലിക് അഫയേഴ്സ് കമ്മീഷൻ പുറപ്പെടുവിച്ച പ്രസ്താവന
04 ▶ പെൺകുട്ടികൾ ചാടിപ്പോയ സംഭവം: പോലീസിൻെറ വീഴ്ചയെന്ന് മഹിളാമന്ദിരം സൂപ്രണ്ട്

# ഓരോ കോവിഡ് മരണത്തിനും 50,000 രൂപ നഷ്ടപരിഹാരം



ന്യൂഡൽഹി: കോവിഡ് ബാധിച്ച് മരിച്ചവരുടെ കുടുംബങ്ങൾക്ക് 50,000 രൂപ നഷ്ടപരിഹാരം നൽകുമെന്ന് കേന്ദ്ര സർക്കാർ. സുപ്രീം കോടതിയിലാണ് കേന്ദ്രം നിലപാട് അറിയിച്ചത്. നഷ്ടപരിഹാര തുക സംസ്ഥാനങ്ങളായിരിക്കും നൽകുകയെന്നും കേന്ദ്രം വ്യക്തമാക്കി.

ഇതിനകം സംഭവിച്ച മരണങ്ങൾക്ക് മാത്രമല്ല, ഇനിയുണ്ടാകുന്ന കോവിഡ് മരണങ്ങൾക്കും നഷ്ടപരിഹാരം നൽകും. ദുരന്തനിവാരണ ഫണ്ടിൽ നിന്നും സംസ്ഥാനങ്ങൾ തുക നൽകണം. ജില്ലാ ദുരന്തനിവാരണ മാനേജ്മെൻറ് അതോറിറ്റി വഴിയാണ് നഷ്ടപരിഹാരം വിതരണം ചെയ്യേണ്ടത്. അല്ലെങ്കിൽ ജില്ലാ ഭരണകൂടം വഴി ഇത് വിതരണം ചെയ്യണമെന്നും സുപ്രീം കോടതിയിൽ കേന്ദ്രം വ്യക്തമാക്കി. 2020 ജനുവരിയിൽ രാജ്യത്ത് കോവിഡ് മഹാമാരി പൊട്ടിപ്പുറപ്പെട്ടതിന് ശേഷം 4.45 ലക്ഷത്തിലധികം കോവിഡ് സംബന്ധമായ മരണങ്ങളാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

## ട്രഷറിയെ സംബന്ധിച്ച പരാതികൾ അറിയിക്കാൻ ഓൺലൈൻ സംവിധാനം

പൊതുജനങ്ങൾക്ക് ട്രഷറിയെ സംബന്ധിച്ചുള്ള പരാതികൾ ഓൺലൈനായി അറിയിക്കുന്നതിന് പരാതി പരിഹാര സംവിധാനം വെബ്സൈറ്റിൽ ഉൾപ്പെടുത്തി. ഈ സംവിധാനം മുഖേന ഇടപാടുകാർക്ക് സ്വന്തം മൊബൈൽ നമ്പരും ഇമെയിൽ ഐ.ഡിയും ഉപയോഗിച്ച് ഓൺലൈനായി ംംം.്യലമ ൌ്യ.സലൃമഹമ.ഴീ.ശി ലെ ഴൃശല്മിരല മെനുവിൽ കയറി പരാതികൾ സമർപ്പിക്കാം. പരാതിയുടെ ആധികാര്യത ഉറപ്പുവരുത്തുന്നതിനായി മൊബൈൽ നമ്പറിൽ ലഭിക്കുന്ന ഒ.റ്റി.പി നൽകേണ്ടതാണ്.

പോർട്ടലിൽ ലഭിക്കുന്ന പരാതികളിൽ ട്രഷറി ഡയറക്ടറേറ്റിൽ പ്രവർത്തിക്കുന്ന പരാതി പരിഹാരസെൽ തുടർ നടപടി സ്വീകരിച്ച് വിവരം പരാതിക്കാരനെ മെയിലിൽ അറിയിക്കും. ട്രഷറി ഇടപാടുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ അടിയന്തര പരിഹാരം ആവശ്യമായ പരാതികൾ ബന്ധപ്പെട്ട ട്രഷറികളുടെ മെയിലിലോ നേരിട്ടോ തപാലിലോ നൽകാം. എല്ലാ ട്രഷറികളുടെയും മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാരുടെയും മെയിൽ ഐ.ഡി www-t-r-e-a-sury.k-er-a-l-a.gov.in ലെ 'ട്രഷറി ഡയറക്ടറി' എന്ന മെനുവിൽ ലഭ്യമാണ്.

## എം ക്ലാറ്റിന്റെ നേതൃത്വത്തിൽ മാരിടൈം ദിനാഘോഷം സംഘടിപ്പിക്കുന്നു



തിരുവനന്തപുരം : മാരിടൈം കസ്റ്റംസ് ആൻഡ് ലോജിസ്റ്റിക്സ് രംഗത്ത് പ്രവർത്തിക്കുന്ന സംഘടനയായ എം ക്ലാറ്റിന്റെ നേതൃത്വത്തിൽ ലോക മാരിടൈം ദിനാഘോഷം സംഘടിപ്പിക്കുന്നു. നാളെ രാവിലെ 11.30ന് തിരുവനന്തപുരം പ്രസ്ക്ലബ്ബിൽ സംഘടിപ്പിക്കുന്ന പരിപാടി തുറമുഖ വകുപ്പു മന്ത്രി അഹമ്മദ് ദേവർകോവിൽ ഉദ്ഘാടനം ചെയ്യും. എം. വിൻസന്റ് എംഎൽഎ അധ്യക്ഷതവഹിക്കും. കേരള മാരിടൈം ബോർഡ് ചെയർമാൻ അഡ്വ വി.ജെ. മാത്യൂ, വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് എംഡിയും സിഇഒയുമായ ഡോ ജയകുമാർ, അദാനി വിഴിഞ്ഞം പോർട്ട് എംഡിയും സിഇഒയുമായ രാജേഷ് ഝാ, മാർ ഗ്രിഗോറിയസ് ലോ കോളെജ് പ്രിൻസിപ്പൽ ഡോ പി.സി. ജോൺ, തിരുവനന്തപുരം ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ എസ്.എസ്. ബാലു എന്നിവർ പങ്കെടുക്കും. എം ക്ലാറ്റ് സെക്രട്ടറി അഡ്വ കെ.ജെ. തോമസ് കല്ലംപള്ളി രചിച്ച മാരിടൈം ലോജിസ്റ്റിക്സ് സംബന്ധിച്ച The Exim Trade, Maritime Law and Blue Economy, CHA-CBLR Guide എന്നീ പുസ്തകങ്ങൾ മന്ത്രി അഹമ്മദ് ദേവർകോവിൽ പ്രകാശനം ചെയ്യും. എം. വിൻസന്റ് എംഎൽഎയും രാജേഷ് ഝായും ഡോ പി.സി. ജോണും പുസ്തകങ്ങൾ ഏറ്റുവാങ്ങും. എം ക്ലാറ്റ് പ്രസിഡന്റ് അഡ്വ പരവൂർ സി ശശിധരൻ പിള്ള, ജോയിൻ സെക്രട്ടറി അഡ്വ ആർ. വിജയകുമാർ തുടങ്ങിയവർ പങ്കെടുക്കും.

# സ്കൂൾ തുറക്കൽ: കുട്ടികൾക്ക് പൂർണ സംരക്ഷണം ഉറപ്പാക്കുമെന്ന് മുഖ്യമന്ത്രി



തിരുവനന്തപുരം: കോവിഡിനെ തുടർന്ന് ഒന്നരവർഷമായി അടഞ്ഞുകിടന്ന സംസ്ഥാനത്തെ സ്കൂളുകൾ നവംബർ ഒന്നിനു തുറക്കുന്നതിനു മുന്നോടിയായുള്ള തയാറെടുപ്പിനായി വിദ്യാഭ്യാസ ആരോഗ്യ മന്ത്രിമാരുടെ നേതൃത്വത്തിൽ വ്യാഴാഴ്ച ഉന്നതതലയോഗം ചേരും. കുട്ടികൾക്ക് പൂർണ സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പാക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

സ്കൂൾ തുറക്കാനുള്ള തയാറെടുപ്പ് വിപുലമായി നടക്കുകയാണ്. കോളജുകൾ, സ്കൂളുകൾ എന്നിവ തുറക്കുന്ന സാഹചര്യത്തിൽ യാത്രാവേളയിൽ കുട്ടികളുടെ സുരക്ഷസംബന്ധിച്ച് ആവശ്യമായ പദ്ധതികൾ തയാറാക്കാൻ പോലീസിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വിദ്യാലയങ്ങൾക്ക് സമീപമുള്ള അശാസ്ത്രീയ പാർക്കിംഗ് ഒഴിവാക്കി ട്രാഫിക് ക്രമീകരണം ഏർപ്പെടുത്തും. വിദ്യാലയങ്ങൾക്ക് മുന്നിൽ അനാവശ്യമായി കൂട്ടംകൂടാൻ ആരേയും അനുവദിക്കില്ല. ഉപയോഗിക്കാതെ കിടക്കുന്ന സ്കൂൾ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ കൃത്യമായി നടത്തുന്നുവെന്ന് ഉറപ്പാക്കാൻ പോലീസ് സ്റ്റേഷൻ തലത്തിൽ സംവിധാനമൊരുക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

കരടു പദ്ധതി തയ്യാറാക്കി മറ്റു വകുപ്പുകളുമായി ചർച്ച നടത്തും. കുട്ടികൾക്ക് പൂർണ്ണ സംരക്ഷണവും സുരക്ഷിതത്വവും ഉറപ്പുവരുത്തും. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും അദ്ധ്യാപക രക്ഷകർതൃ സമിതികളുമായും വിവിധ സംഘടനകളുമായും ചർച്ച നടത്തി വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ആശങ്ക അകറ്റുന്ന വിധമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തും.

കോളേജുകൾ, സ്കൂളുകൾ എന്നിവ തുറക്കുന്ന സാഹചര്യത്തിൽ യാത്രാവേളയിൽ കുട്ടികളുടെ സുരക്ഷ സംബന്ധിച്ച് ആവശ്യമായ പദ്ധതികൾ തയ്യാറാക്കാൻ പോലീസിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

വിദ്യാലയങ്ങൾക്ക് സമീപമുള്ള അശാസ്ത്രീയമായ പാർക്കിങ് ഒഴിവാക്കി ട്രാഫിക് ക്രമീകരണം ഏർപ്പെടുത്തും. വിദ്യാലയങ്ങൾക്ക് മുന്നിൽ അനാവശ്യമായി കൂട്ടംകൂടാൻ ആരേയും അനുവദിക്കരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

# കെസിബിസിയുടെ പ്രത്യേക സമ്മേളനം സെപ്റ്റംബർ 29ന്

കൊച്ചി: കെസിബിസിയുടെ പ്രത്യേക സമ്മേളനം സെപ്റ്റംബർ 29ന്. കേരളത്തിലെ ദളിത് വിഭാഗത്തിൽപ്പെട്ടവരും കർഷകരും തീരദേശനിവാസികളും അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും കേരളത്തിലെ ഇപ്പോഴത്തെ പ്രത്യേക സാഹചര്യങ്ങൾ വിലയിരുത്തുന്നതിനും വേണ്ടിയാണ് കെസിബിസിയുടെ പ്രത്യേക സമ്മേളനം ചേരുന്നത്.

കോവിഡ് പ്രതിസന്ധിയിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന കേരളം, അതിജീവനത്തിൻറെ പാതയിലാണ്. പ്രതിസന്ധികൾ ഏറെയുണ്ടെങ്കിലും പ്രത്യാശയോടെ ഭാവിയെ അഭിമുഖീകരിക്കാൻ സഭയ്ക്കും സമൂഹത്തിനും കഴിയണം. നമ്മുടെ സമൂഹത്തിൽ വർധിച്ചുവരുന്ന സാമൂഹിക തിന്മകൾ യുവജനങ്ങളുടെയും കുട്ടികളുടെയും സമൂഹത്തിൻറെ തന്നെയും ഭാവിയെക്കുറിച്ച് ആശങ്കയുണ്ടാക്കുന്നതാണ്.

വ്യക്തികളുടെയും കുടുംബങ്ങളുടെയും സുസ്ഥിതി തകർക്കുന്ന സാമൂഹിക തിന്മകളെ ഫലപ്രദമായി നേരിടാൻ കഴിയണം. ഇതിനു സഹായകരമായ ചർച്ചകൾ സമൂഹത്തിലെ സൗഹൃദാന്തരീക്ഷത്തെ ശക്തിപ്പെടുത്തുന്നതിന് ഉതകുമെന്നു പ്രതീക്ഷിക്കുന്നു.

## സ്കൂൾ ബസുകളിൽ നിന്ന് യാത്ര അനുവദിക്കില്ല; കെഎസ്ആർടിസി ബോണ്ട് സർവീസ് നടത്തും

തിരുവനന്തപുരം: കുട്ടികളുടെ സുരക്ഷിത സ്കൂൾ യാത്രയ്ക്ക് മാർഗരേഖ പുറത്തിറക്കി സർക്കാർ. സ്കൂൾ ബസുകളിൽ നിന്ന് യാത്ര അനുവദിക്കില്ല. സ്കൂളുകൾ ആവശ്യപ്പെട്ടാൽ കെഎസ്ആർടിസി ബോണ്ട് സർവീസ് നടത്തുമെന്നും മാർഗരേഖയിൽ പറയുന്നു.

സ്കൂൾ വാഹനങ്ങളിൽ തെർമൽ സ്കാനറും സാനിറ്റൈസറും ഉണ്ടാവണം. എല്ലാ വിദ്യാർഥികളും ഹാൻഡ് സാനിറ്റൈസർ കരുതണം. ഒരു സീറ്റിൽ ഒരു കുട്ടി മാത്രം യാത്ര ചെയ്യുന്ന രീതിയിലായിരിക്കണം യാത്രാക്രമീകരണം. എല്ലാ കുട്ടികളും മാസ്ക് ധരിക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

അതേസമയം സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിനുള്ള ആദ്യ അലോട്ട്മെൻറ് പട്ടികയിൽ അപേക്ഷകരിൽ പകുതിപേർക്കും ഇടം കിട്ടിയില്ല. 4,65,219 അപേക്ഷകരിൽ 2,18,418 പേർക്കാണ് ഇടംകിട്ടിയത്. മെറിറ്റ് സീറ്റിൽ അവശേഷിക്കുന്നത് 52,718 സീറ്റുകളാണ്.

വ്യാഴാഴ്ച മുതൽ പ്രവേശന നടപടികൾ തുടങ്ങും. വ്യാഴാഴ്ച രാവിലെ ഒൻപത് മുതൽ ഒക്ടോബർ ഒന്ന് വരെയാണ് പ്രവേശനം. കർശനമായ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് വേണം പ്രവേശന നടപടികൾ എന്നാണ് വിദ്യാഭ്യാസവകുപ്പിൻറെ നിർദ്ദേശം.

## ഐടി, ഐടി അനുബന്ധ മേഖലയിലെ ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമപദ്ധതി: ഉദ്ഘാടനം ശനിയാഴ്ച

സംസ്ഥാനത്തെ ഐടി, ഐടി അനുബന്ധ മേഖലയിലെ ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമം ലക്ഷ്യമാക്കിയുള്ള പദ്ധതികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ശനിയാഴ്ച (25.09.2021) നിർവഹിക്കും. രാവിലെ 11 മണിക്ക് തിരുവനന്തപുരം മഹാത്മ അയ്യൻകാളി ഹാളിൽ നടക്കുന്ന പരിപാടിയിൽ വിദ്യാഭ്യാസ തൊഴിൽ വകുപ്പ് മന്ത്രി വി.ശിവൻകുട്ടി അധ്യക്ഷനായിരിക്കും . ഈ മേഖലയിലെ രണ്ട് ലക്ഷത്തോളം വരുന്ന ജീവനക്കാർക്കും സംരംഭകർക്കും അവരുടെ കുടുംബാംഗങ്ങൾക്കും പെൻഷൻ അടക്കമുള്ള നിരവധി ആനുകൂല്യങ്ങൾ ക്ഷേമപദ്ധതിയിലൂടെ ലഭ്യമാകും.ചടങ്ങിൽ ഗതാഗത വകുപ്പ് മന്ത്രി ആന്റണി രാജു മുഖ്യാതിഥി ആയിരിക്കും. ഐടി, ഐടി അനുബന്ധ മേഖലയിലെ ജീവനക്കാരുടെയും സംരംഭകരുടെയും ക്ഷേമപദ്ധതി ചെയർമാൻ അഡ്വ.കെ അനന്തഗോപൻ, സി.ഐ.ടി.യു സംസ്ഥാന ജനറൽ സെക്രട്ടറി എളമരം കരീം എംപി, ഐടി പ്രിൻസിപ്പൽ സെക്രട്ടറി ബിശ്വനാഥ് സിൻഹ, ലേബർ സെക്രട്ടറി മിനി ആന്റണി, ലേബർ കമ്മീഷണർ ഡോ. എസ് .ചിത്ര, എഐടിയുസി സംസ്ഥാന സെക്രട്ടറി കെ.പി രാജേന്ദ്രൻ, ഐഎൻടിയുസി സംസ്ഥാന സെക്രട്ടറി ആർ ചന്ദ്രശേഖരൻ, ബോർഡ് ഡയറക്ടർമാർ തുടങ്ങിയവരും എക്സിക്യൂട്ടീവ് ഓഫീസർ എം.ഷജീനയും പങ്കെടുക്കും .

# ഡോ. ബി.ആർ. അംബേദ്കർ മാധ്യമ അവാർഡ് 2021ന് അപേക്ഷ ക്ഷണിച്ചു

പട്ടികജാതിപട്ടികവർഗ ക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ച മികച്ച റിപ്പോർട്ടിനുള്ള 2021ലെ ഡോ.ബി.ആർ. അംബേദ്കർ മാധ്യമ അവാർഡിന് അപേക്ഷ ക്ഷണിച്ചു. പട്ടികജാതി വികസന വകുപ്പാണ് അവാർഡ് നൽകുന്നത്. അച്ചടി, ദൃശ്യ, ശ്രവ്യ മാധ്യമങ്ങളിലെ മികച്ച റിപ്പോർട്ടുകൾക്കാണ് അവാർഡ്. 2020 ആഗസ്റ്റ് 16 മുതൽ 2021 ആഗസ്റ്റ് 15 വരെയുള്ള കാലയളവിലെ റിപ്പോർട്ടുകളും പരിപാടികളുമാണ് അവാർഡിന് പരിഗണിക്കുക. അച്ചടി മാധ്യമങ്ങളിലെ വാർത്ത/ ഫീച്ചർ/ പരമ്പര എന്നിവയുടെ അഞ്ച് പകർപ്പുകൾ ന്യൂസ് എഡിറ്ററുടെ സാക്ഷ്യപത്രം സഹിതം ലഭ്യമാക്കണം. ദൃശ്യ മാധ്യമങ്ങളിൽ നിന്നുള്ള എൻട്രികൾ ന്യൂസ് സ്റ്റോറിയോ, കുറഞ്ഞത് അഞ്ച് മിനിട്ടെങ്കിലും ദൈർഘ്യമുള്ള വാർത്താധിഷ്ഠിത പരിപാടിയോ ഡോക്യുമെന്ററിയോ ആയിരിക്കണം. ഡി.വി.ഡി ഫോർമാറ്റിലുള്ള എൻട്രി (5 കോപ്പികൾ) ന്യൂസ് എഡിറ്ററുടെ സാക്ഷ്യപത്രം, എൻട്രിയെക്കുറിച്ചുള്ള ലഘുവിവരണം, അപേക്ഷകരുടെ ഫോൺ നമ്പർ, ഫോട്ടോ എന്നിവ സഹിതം ലഭ്യമാക്കണം. ശ്രാവ്യ മാധ്യമങ്ങൾ സംപ്രേഷണം ചെയ്ത പട്ടികജാതി/ പട്ടികവർഗ വിഭാഗത്തെ സംബന്ധിക്കുന്ന എല്ലാവിധ പ്രോഗ്രാമുകളും അവാർഡിന് പരിഗണിക്കും. എൻട്രികൾ സി.ഡിയിലാക്കി ലഘുവിവരണം, പ്രക്ഷേപണം ചെയ്ത നിലയത്തിലെ പ്രോഗ്രാം ഡയറക്ടറുടെ സാക്ഷ്യപത്രം എന്നിവ സഹിതം ലഭ്യമാക്കണം. എൻട്രികൾ സ്വീകരിക്കുന്നതിനുള്ള അവസാന തിയതി ഒക്ടോബർ 18. എൻട്രികൾ ചീഫ് പബ്ലിസിറ്റി ഓഫീസർ, പട്ടികജാതി വികസന വകുപ്പ്, അയ്യങ്കാളിഭവൻ, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം3 എന്ന വിലാസത്തിൽ എൻട്രികൾ ലഭിക്കണം. വിശദ വിവരങ്ങൾക്ക്: 04712315375.

## ഇന്ന് 19,675 പേർക്ക് കോവിഡ്; മരണസംഖ്യ 24,000 കടന്നു

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് 19,675 പേർക്ക് കോവിഡ് സ്ഥിരീകരിച്ചു. കഴിഞ്ഞ 24 മണിക്കൂറിനിടെ 1,19,584 സാമ്പിളുകളാണ് പരിശോധിച്ചത്. പുതിയതായി 142 കോവിഡ് മരണങ്ങളും സ്ഥിരീകരിച്ചു. ഇതോടെ സംസ്ഥാനത്തെ ആകെ കോവിഡ് മരണം 24,039 ആയതായും മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. 18,924 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 595 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 52 പേർ സംസ്ഥാനത്തിന് പുറത്തുനിന്നു വന്നവരാണ്. 104 ആരോഗ്യ പ്രവർത്തകർക്കും പുതിയതായി രോഗം ബാധിച്ചു. രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 19,702 പേർ രോഗമുക്തി നേടി. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 4,81,195 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. എറണാകുളം 2792, തിരുവനന്തപുരം 2313, തൃശൂർ 2266, കോഴിക്കോട് 1753, കോട്ടയം 1682, മലപ്പുറം 1298, ആലപ്പുഴ 1256, കൊല്ലം 1225, പാലക്കാട് 1135, പത്തനംതിട്ട 1011, കണ്ണൂർ 967, ഇടുക്കി 927, വയനാട് 738, കാസർഗോഡ് 312 എന്നിങ്ങനെയാണ് ഇന്ന് ജില്ലകളിൽ രോഗം ബാധിച്ചത്.




സ്കൂൾ വാഹനങ്ങൾക്കായി മോട്ടോർ വാഹന വകുപ്പ് പുറത്തിറക്കിയ സ്റ്റുഡന്റ്സ് ട്രാൻസ്പോർട്ടേഷൻ പ്രോട്ടോകോൾ ഗതാഗത മന്ത്രി ആന്റണി രാജു കോട്ടൺഹിൽ ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പൽ എം. ലീനയ്ക്ക് നൽകി പ്രകാശനം ചെയ്യുന്നു

# ടൂറിസം, സാംസ്കാരിക വകുപ്പുകൾ കൈകോർക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ പരിഗണനയിൽ: മന്ത്രി മുഹമ്മദ് റിയാസ്

## ഉണരുമീ ഗാനത്തിന് തുടക്കമായി

തിരുവനന്തപുരം: ടൂറിസം വകുപ്പും സാംസ്കാരിക വകുപ്പും കൈകോർത്തുകൊണ്ടുള്ള കൂടുതൽ പ്രവർത്തനങ്ങൾ പരിഗണനയിലാണെന്നും ഇതു സംബന്ധിച്ച പ്രാഥമിക ചർച്ചകൾ പൂർത്തിയായിട്ടുണ്ടെന്നും ടൂറിസം മന്ത്രി പി എ മുഹമ്മദ് റിയാസ്. ഭാരത് ഭവന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്ന മഴമിഴി മെഗാ സ്ട്രീമിങ്ങിലെ ഉണരുമീ ഗാനം എന്ന പുതിയ ഘട്ടം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

കോവിഡ് പ്രോട്ടോക്കോളിന്റെ ഭാഗമായി ശാരീരിക അകലം പാലിച്ചുകൊണ്ട് സാംസ്കാരിക പ്രവർത്തനങ്ങൾ നടത്താൻ ടെക്നോളജിയും സോഷ്യൽ മീഡിയയും വലിയ സഹായമായി. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സോഷ്യൽ മീഡിയയിലൂടെയാണ് കലാ സാംസ്കാരിക പ്രവർത്തനങ്ങളും കൂട്ടായ്മകളും നടന്നത്. മഴമിഴിപോലെയുള്ള പരിപാടികളിലൂടെ നമ്മുടെ രാജ്യത്ത് ഇത്തരം പ്രവർത്തനങ്ങളുടെ മാതൃകയാകാൻ കേരളത്തിന് സാധിച്ചുവെന്നും മന്ത്രി പറഞ്ഞു.

കോവിഡ് കാലഘട്ടത്തിൽ ഓൺലൈൻ സംവിധാനങ്ങൾ ഉപയോഗിച്ച് കലാ സാംസ്കാരിക പ്രവർത്തനങ്ങൾ സജീവമായി നിലനിർത്താൻ കേരളത്തിലെ കലാ സാംസ്കാരിക കൂട്ടായ്മകൾ ശ്രദ്ധിച്ചിട്ടുണ്ട്. സാംസ്കാരിക വകുപ്പ് ഇതിൽ വലിയ പങ്കുവഹിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. ഈ കൂട്ടത്തിലെ ഏറ്റവും മാതൃകാപരമായ ഇടപെടലാണ് ഭരത് ഭവന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്ന മഴമിഴി മൾട്ടി മീഡിയ മെഗാ സ്ട്രീമിങ് എന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

മഴമിഴിയുടെ രണ്ടാംഘട്ട പ്രമോ വീഡിയോയുടെ പ്രകാശനവും മന്ത്രി നിർവഹിച്ചു. ഗാനാലാപന രംഗത്ത് 40 വർഷം പിന്നിടുന്ന ഗായകൻ ജി വേണുഗോപാലിനെയും ഗായികയും നടിയുമായ സുബ്બലക്ഷിയെയും അഭിനേത്രിയും ഗായികയും ഡബ്ബിങ് ആർട്ടിസ്റ്റുമായ സി എസ് രാധാദേവിയെയും അന്തരിച്ച നടൻ സത്യന്റെ മകനും ഗായകനുമായ ജീവൻ സത്യനെയും ചടങ്ങിൽവച്ച് മന്ത്രി ആദരിച്ചു.

കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡ് ഗാനമേള ട്രൂപ്പിന്റെ കോ ഓർഡിനേറ്റർ ജി വിനോദും അന്ധ ഗായിക മേരിസുമയും ശ്രീചിത്ര പുവർ ഹോമിലെ കുട്ടികളുടെ പ്രതിനിധിയായി ശുഭയും വേദിയിൽ ആദരവ് ഏറ്റുവാങ്ങി. ഭാരത് ഭവൻ മെമ്പർ സെക്രട്ടറിയും മഴമിഴി ഫെസ്റ്റിവൽ ഡയറക്ടറുമായ പ്രമോദ് പയ്യന്നൂർ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കലാകാരന്മാർക്ക് സാമ്പത്തിക സഹായം നൽകുന്നു എന്നതിലുപരിയായി കലാപ്രകടനത്തിനുള്ള അവസരം നൽകുന്നതിലൂടെ അവർ അംഗീകരിക്കപ്പെടുന്നു എന്നതാണ് മഴമിഴിയുടെ പ്രധാന്യമെന്ന് ജി വേണുഗോപാൽ പറഞ്ഞു.

മഴമിഴിയിലെ പുതിയ ഘട്ടമായ ഉണരുമീ ഗാനത്തിൽ അന്ധഗായക സംഘങ്ങൾ, തെരുവ് ഗായക സംഘങ്ങൾ, അനാഥാലയങ്ങളിൽ നിന്നും വൃദ്ധ സദനങ്ങളിൽ നിന്നും ജയിലുകളിൽ നിന്നുമുള്ള ഗായക സംഘങ്ങൾ തുടങ്ങി ശ്രദ്ധിക്കപ്പെടാതെ പോകുന്ന കലാകാരന്മാരുടെ പ്രകടനങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഹിന്ദുസ്ഥാനി സംഗീതജ്ഞ അമ്പ്രദിത ബാനർജി, ഡോ കെ ഓമനക്കുട്ടി, വി ടി മുരളി, ഭാരത് ഭവൻ നിർവാഹക സമിതി അംഗം റോബിൻ സേവ്യർ തുടങ്ങിയവരും പരിപാടിയിൽ പങ്കെടുത്തു. ഭാരത് ഭവന്റെയും സാംസ്കാരിക വകുപ്പിന്റെയും ഔദ്യോഗിക പേജുകളടക്കം 50ഓളം ഫേസ്ബുക്ക് പേജുകളിലൂടെ ഇതിനോടകം 20 ലക്ഷത്തിലധികം പ്രേക്ഷകരിലേക്ക് മഴമിഴി എത്തിയിട്ടുണ്ട്. സഭ ടിവിയിലും മഴമിഴിയുടെ ഭാഗമായുള്ള കലാപ്രകടനങ്ങൾ സംപ്രേക്ഷണം ചെയ്യുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ വിക്ടേഴ്സ് ചാനലിലും സംപ്രേക്ഷണം ആരംഭിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

# സ്കൂൾ വാഹനങ്ങളുടെ സുരക്ഷ ഉറപ്പാക്കാൻ മാർഗരേഖ തയ്യാറാക്കി: മന്ത്രി

കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കുമ്പോൾ വിദ്യാർത്ഥികളുടെ യാത്ര സുഗമമാക്കുവാനും വാഹനങ്ങളുടെ സുരക്ഷ ഉറപ്പു വരുത്തുവാനും ഗതാഗത വകുപ്പ് വിശദമായ മാർഗരേഖ തയ്യാറാക്കിയതായും ഒക്ടോബർ 20നകം മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥർ സ്കൂളുകളിൽ നേരിട്ടെത്തി വാഹനങ്ങളുടെ ക്ഷമതാ പരിശോധന പൂർത്തിയാക്കുമെന്നും ഗതാഗത മന്ത്രി ആന്റണി രാജു വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ഫിറ്റ്നസ് പരിശോധന പൂർത്തിയാക്കി ട്രയൽ റണ്ണിനു ശേഷം മാത്രമേ വിദ്യാർത്ഥികളുടെ യാത്രയ്ക്കായി വാഹനം ഉപയോഗിക്കാവൂ. പരിശോധന പൂർത്തിയാക്കിയ വാഹനങ്ങൾക്ക് സ്റ്റുഡന്റ്സ് ട്രാൻസ്പോർട്ടേഷൻ പ്രോട്ടോകോൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് മോട്ടോർ വാഹന വകുപ്പ് നൽകും. സർട്ടിഫിക്കറ്റ് വാഹനത്തിൽ സൂക്ഷിക്കണം. സർക്കാർ നിശ്ചയിച്ചിട്ടുള്ള കോവിഡ് പ്രോട്ടോക്കോൾ മാനദണ്ഡങ്ങൾ അനുസരിച്ച് മോട്ടോർ വാഹന വകുപ്പ് തയ്യാറാക്കിയ 'സ്റ്റുഡന്റ്സ് ട്രാൻസ്പോർട്ടേഷൻ പ്രോട്ടോക്കോൾ' തിരുവനന്തപുരം കോട്ടൺഹിൽ ഗവ. ഗേൾസ് ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽ എം.ലീനയ്ക്ക് നൽകി മന്ത്രി പ്രകാശനം ചെയ്തു. എല്ലാ സ്കൂൾ അധികൃതരും ഇതിലെ നിർദേശങ്ങൾ അച്ചടിച്ച് രക്ഷകർത്താക്കൾക്കും ബന്ധപ്പെട്ട എല്ലാവർക്കും വിതരണം ചെയ്യണം. ഡ്രൈവർമാരും ബസ് അറ്റൻഡർമാരും രണ്ട് ഡോസ് വാക്സിൻ എടുത്തിരിക്കണം. അവരുടെ താപനില എല്ലാ ദിവസവും പരിശോധിച്ച് പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തണം. ആവശ്യമെങ്കിൽ വിദ്യാർത്ഥികൾക്കായി കെ.എസ്.ആർ.ടി.സി ബോണ്ട് സർവീസുകൾ ആരംഭിക്കുമെന്ന് മന്ത്രി പറഞ്ഞു.

പനിയോ ചുമയോ മറ്റ് രോഗ ലക്ഷണങ്ങളോ ഉള്ള വിദ്യാർത്ഥികൾക്ക് യാത്ര അനുവദിക്കരുതെന്നും സ്കൂൾ വാഹനങ്ങളിൽ തെർമൽ സ്കാനറും സാനിറ്റൈസറും കരുതണമെന്നും നിർദേശിച്ചിട്ടുണ്ട്.

ന ഹാൻഡ് സാനിറ്റൈസർ എല്ലാ വിദ്യാർത്ഥികളും കരുതണം. ഒരു സീറ്റിൽ ഒരു കുട്ടി മാത്രം യാത്ര ചെയ്യുന്ന രീതിയിൽ ക്രമീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. നിന്നു കൊണ്ടുള്ള യാത്ര അനുവദിക്കില്ല. എല്ലാ കുട്ടികളും മാസ്ക് ധരിക്കണം. വാഹനത്തിൽ എ.സിയും തുണി കൊണ്ടുള്ള സീറ്റ് കവറും കർട്ടനും പാടില്ല. ഓരോ ദിവസവും വാഹനം യാത്ര അവസാനിക്കുമ്പോൾ അണുനാശിനിയോ സോപ്പ് ലായനിയോ ഉപയോഗിച്ച് വാഹനങ്ങൾ കഴുകണം.

സ്കൂൾ ട്രിപ്പിനായി മറ്റ് കോൺട്രാക്ട് ക്യാരേജ് വാഹനങ്ങൾ ഉപയോഗിക്കുന്നുണ്ടെങ്കിൽ അവയ്ക്കും മോട്ടോർ വാഹന വകുപ്പിന്റെ നിർദേശങ്ങൾ ബാധകമാണ്. ബന്ധപ്പെട്ട സ്കൂൾ അധികൃതരും വാഹന ഉടമകളും ഇത് ഉറപ്പ് വരുത്തേണ്ടതാണെന്നും മന്ത്രി അറിയിച്ചു.

# മധ്യപ്രദേശിൽ മദ്യനിരോധനം ഉടൻ നടപ്പാക്കണം; ഉമാഭാരതി

ഭോപ്പാൽ: മധ്യപ്രദേശിൽ സമ്പൂർണ മദ്യനിരോധനം ഉടൻ നടപ്പാക്കാൻ സംസ്ഥാന സർക്കാരിന് അന്ത്യശാസനവുമായി ബിജെപി നേതാവും മുൻ മുഖ്യമന്ത്രിയുമായ ഉമാഭാരതി. സംസ്ഥാനത്ത് സമ്പൂർണ മദ്യനിരോധനം 2022 ജനുവരിക്ക് മുമ്പ് നടപ്പാക്കണമെന്ന് ശിവരാജ് സിങ് ചൗഹാന്റെ നേതൃത്വത്തിലുള്ള സർക്കാരിനോട് ഉമാഭാരതി ആവശ്യപ്പെട്ടു. ഇക്കാര്യം അംഗീകരിച്ചില്ലെങ്കിൽ പ്രക്ഷോഭം ആരംഭിക്കുമെന്ന് ബിജെപി നേതാവ് മുന്നറിയിപ്പ് നൽകുകയും ചെയ്തു. സർക്കാർ പരാജയപ്പെട്ടാൽ നിരോധനം നടപ്പാക്കാൻ സ്ത്രീകൾ തെരുവിലിറങ്ങുമെന്നും അവർക്കൊപ്പം താനും ഉണ്ടാകുമെന്നും ഉമാഭാരതി !ഞായറാഴ്ച ട്വീറ്റ് ചെയ്തു.

'അന്താരാഷ്ട്ര വനിതാ ദിനമായ മാർച്ച് എട്ടിന് ബോധവൽക്കരണ കാമ്പയിൻ ആരംഭിക്കാനിരുന്നതാണ്. എന്നാൽ കോവിഡ് കാരണം നടന്നില്ല. സാഹചര്യം അനുകൂലമായാൽ ഉടൻ ബോധവൽക്കരണം പരിപാടികൾ തുടങ്ങും. ഇത് അഞ്ച് മാസം നീണ്ടുനിൽക്കും. അതിനുശേഷം, 2022 ജനുവരി 15 നും 20 നും ഇടയിൽ സ്ഥിതിഗതികൾ അവലോകനം ചെയ്യും. ഇക്കാലയളവിനിടെ മദ്യനിരോധനം സർക്കാർ നടപ്പാക്കുമെന്ന് ഉറപ്പുണ്ട്. അല്ലാത്തപക്ഷം മദ്യനിരോധനത്തിനായി സ്ത്രീകൾ തെരുവിലിറങ്ങും. ഞാൻ അവരോടൊപ്പം ചേരും' ഉമാ ഭാരതി ട്വീറ്റ് ചെയ്തു.

2018 മുതൽ രാഷ്ട്രീയത്തിൽ നിന്ന് ഉമാഭാരതി ഇടവേള എടുത്തിരുന്നു. പുതിയ ആഹ്വാനം സമൂഹത്തിന് ഒരു നല്ല കാര്യമാണെങ്കിലും ഉമാഭാരതിയുടെ പ്രഖ്യാപനം സജ്ജീവ രാഷ്ട്രീയത്തിലേക്ക് തിരികെ പ്രവേശിക്കാനുള്ള ഏക മാർഗമാണെന്നും സംസ്ഥാനത്തെ ബിജെപി നേതാക്കൾ ദി പ്രിന്റിനോട് പറ!ഞ്ഞു. 2021 ജനുവരിയിൽ മൊറീന ജില്ലയിൽ 20 പേർ അനധികൃത മദ്യം കഴിച്ച് മരിച്ചിരുന്നു.

ഇതിന് പിന്നാലെ പാർട്ടി ഭരിക്കുന്ന എല്ലാ സംസ്ഥാനങ്ങളിലും മദ്യം നിരോധിക്കണമെന്ന് ആവശ്യപ്പെട്ട് ബിജെപി അധ്യക്ഷൻ ജെ പി നദ്ദയ്ക്ക് ഒരു കത്തെഴുതിയിരുന്നു. മദ്യം നിരോധിക്കുന്നതിലൂടെ സ്ത്രീ സമൂഹത്തിന്റെ വോട്ടുകൾ നേടാമെന്നും അവർ ജെ പി നദ്ദയെ അറിയിച്ചു.

# ഡൽഹി കലാപം : അന്വേഷണത്തിനായി പ്രത്യേക സംഘം

ന്യൂഡൽഹി: ഡൽഹി കലാപവുമായി ബന്ധപ്പെട്ട കേസുകളുടെ ശരിയായ അന്വേഷണം ഉറപ്പാക്കാൻ സൂപ്പർവൈസറി ടീമുകൾ രൂപീകരിച്ചതായി ഡെപ്യൂട്ടി പൊലീസ് കമ്മിഷണർ മറ്റ് ഉദ്യോഗസ്ഥർക്ക് കത്തയച്ചു. കലാപക്കേസുകളിൽ തീർപ്പുകൽപ്പിക്കാത്ത അന്വേഷണം സമഗ്രമായി അവലോകനം ചെയ്യാനുള്ള ഉത്തരവാദിത്തം ഈ ടീമുകൾക്കാണെന്നും കമ്മിഷണർ വ്യക്തമാക്കി.

രേഖകളിൽ ലഭ്യമായ ശാസ്ത്രീയവും സാങ്കേതികവുമായ തെളിവുകളുടെ വിശകലനത്തിനും, സാങ്കേതിക സംഘങ്ങളുടെ സഹായത്തോടെയും പിന്തുണയോടെയും അത്തരം കൂടുതൽ തെളിവുകൾ ശേഖരിക്കുന്നതിനും, അന്വേഷണ ഉദ്യോഗസ്ഥരെ നയിക്കുന്നതിനും പ്രത്യേക ഊന്നൽ നൽകുമെന്നും കത്തിൽ വ്യക്തമാക്കി. വെള്ളിയാഴ്ചയോടെ അന്വേഷണം പൂർത്തിയാക്കേണ്ടതുണ്ടെന്നും കത്തിൽ പറയുന്നു.

ഡൽഹി കലാപത്തെക്കുറിച്ച് അന്വേഷിക്കുന്നതിൽ പൊലീസ് കാണിക്കുന്ന ഉദാസീനതക്കെതിരെ ഡൽഹി കോടതി കടുത്ത വിമർശനവുമായി രംഗത്തെത്തിയിരുന്നു.

കലാപവുമായി ബന്ധപ്പെട്ട കേസുകൾ സ്വയം പരിശോധിച്ച് നടപടികൾ സ്വീകരിക്കാൻ കോടതി പൊലീസ് കമ്മിഷണർക്ക് നിർദ്ദേശം നൽകി. നിർദ്ദേശങ്ങൾ അനുസരിക്കുന്നതിൽ പരാജപ്പെട്ടാൽ പൊലീസിനെതിരെ ഉത്തരവ് പുറപ്പെടുവിക്കുമെന്നും ചീഫ് മെട്രോപൊളിറ്റൻ മജിസ്ട്രേറ്റ് അരുൺ കുമാർ ഗാർഗ് മുന്നറിയിപ്പ് നൽകിയതിനു പിന്നാലെയാണ് സൂപ്പർവൈസറി ടീമുകളുടെ രൂപീകരണം.

## അഫ്ഗാനിലേക്ക് യുഎന്നിന്റെ അടിയന്തരസഹായം

ജനീവ: തകർന്നുവീണ ആരോഗ്യസംവിധാനം മെച്ചപ്പെടുത്തതിന് വേണ്ടി അഫ്ഗാന് ധനസഹായം പ്രഖ്യാപിച്ച് ഐക്യരാഷ്ട്രസഭ. 4.5 കോടി ഡോളറാണ് അഫ്ഗാനിസ്ഥാന് അനുവദിച്ചിരിക്കുന്നത്.

അഫ്ഗാനിസ്ഥാനിൽ മരുന്ന്, സഹായ വിതരണം, ഇന്ധനം തുടങ്ങിയവ താറുമാറായിക്കൊണ്ടിരിക്കുകയാണെന്ന് യുഎന്നിന്റെ ഹ്യുമാനിറ്റേറിയൻ അഫേഴ്സ് ആന്റ് എമർജൻസി റിലീഫ് കോർഡിനേറ്റർ അണ്ടർ സെക്രട്ടറി ജനറൽ മാർടിൻ ഗ്രിഫിത് മുന്നറിയിപ്പ് നൽകി. താലിബാൻ ഭരണം പിടിച്ചെടുത്തതോടെ സഹായം വിതരണം മുടങ്ങി, ആരോഗ്യ മേഖലയിൽ ജീവനക്കാരുടെ ക്ഷാമവും അനുഭവിച്ച് വരികയാണ്. യുഎന്നിന്റെ സെൻട്രൽ എമർജൻസി റെസ്പോൺസ് ഫണ്ടിൽ നിന്ന് അടിയന്തരസേവനങ്ങൾക്കുള്ള ഫണ്ട് അനുവദിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

ലോകാരോഗ്യ സംഘടനാ മേധാവി ടെഡ്രോസ് അഥാനോം ഗബ്രിയേസസും വിഷയത്തിൽ ആശങ്ക രേഖപ്പെടുത്തിയിരുന്നു. തിങ്കളാഴ്ച കാബൂളിലെത്തിയ ഗബ്രിയേസസ് താലിബാൻ നേതൃത്വവുമായി കൂടിക്കാഴ്ച നടത്തി. രാജ്യത്തെ നിലവിലെ ആരോഗ്യസ്ഥിതിഗതികൾ, ആരോഗ്യപ്രവർത്തകർക്ക് വേണ്ട സഹായങ്ങൾ എന്നീ വിഷയങ്ങളിൽ ചർച്ച നടന്നു.

ആരോഗ്യം ഒരു സേവനമാണ്. അത് എല്ലാക്കാലത്തും തുടരുകയും വേണം. അഫ്ഗാനിസ്ഥാന്റെ ആരോഗ്യമേഖല തകർന്നാൽ സ്ഥിതിഗതികൾ കൂടുതൽ ഗുരുതരമാകും, നിരവധിപ്പേർ മരിച്ചുവീഴും.ഇത്തരം സംഭവങ്ങളിൽ നിന്ന് ലോകത്തെ നമുക്ക് ഒരുമിച്ച് ചേർന്ന് സംരക്ഷിക്കാമെന്നും അദ്ദേഹം പറഞ്ഞു.

# 37.61 കോടി രൂപയുടെ നാല് പദ്ധതികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കും

സർക്കാരിന്റെ നൂറുദിന കർമ്മ പദ്ധതിയുടെ ഭാഗമായി 37.61 കോടി രൂപയുടെ നാല് പദ്ധതികളുടെ ഉദ്ഘാടനം 23ന് വൈകുന്നേരം 4.30ന് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനായി നിർവഹിക്കും. ആരോഗ്യ മന്ത്രി വീണാ ജോർജ് അധ്യക്ഷത വഹിക്കും. മന്ത്രിമാർ, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും.

ഇതുവരെ മൂന്ന് ഘട്ടങ്ങളിലായി ആകെ 213 ആരോഗ്യ സ്ഥാപനങ്ങളിൽ 56.59 കോടി രൂപയുടെ ഉദ്ഘാടനമാണ് നടത്തിയത്. 5.5 കോടി രൂപ ചെലവഴിച്ച് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സജ്ജമാക്കിയ രണ്ട് പുതിയ ഐ.സി.യുകൾ, പൈക സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 19.93 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച പുതിയ കെട്ടിടം, 10 കോടി രൂപയുടെ കോന്നി ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി, ആദ്യ 1000 ദിന പരിപാടി എന്നിവയുടെ ഉദ്ഘാടനമാണ് നടക്കുകയെന്ന് മന്ത്രി വ്യക്തമാക്കി.

മൂന്നാം തരംഗം മുന്നിൽ കണ്ടുള്ള മുന്നൊരുക്കത്തിന്റെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 100 ഐ.സി.യു. കിടക്കകളാണ് സജ്ജമാക്കിയത്. 5.5 കോടി രൂപ ചെലവഴിച്ച് മെഡിക്കൽ കോളേജ് ആശുപത്രിയിലെ 7, 8 വാർഡുകൾ നവീകരിച്ചാണ് അത്യാധുനിക ഐ.സി.യു. സംവിധാനം ഒരുക്കിയത്. ഓരോ വാർഡിലും ഒരു ഐസിയുവും ഒരു ഹൈ ഡിപ്പന്റൻസി യൂണിറ്റും ഒരുക്കിയിട്ടുണ്ട്. ഓരോ കിടക്കയിലും കേന്ദ്രീകൃത ഓക്സിജൻ വിതരണ സംവിധാനമുള്ള സെൻട്രൽ സക്ഷനും ലഭ്യമാക്കിയിട്ടുണ്ട്. അടിയന്തര ഘട്ടത്തിൽ വെന്റിലേറ്റർ ഘടിപ്പിക്കാനുള്ള സംവിധാനവുമുണ്ട്. ഈ ഐ.സി.യു.കൾക്കായി ആദ്യഘട്ടത്തിൽ 17 വെന്റിലേറ്ററുകളാണ് സ്ഥാപിക്കുന്നത്. അതിൽ ഒമ്പത് വെന്റിലേറ്ററുകൾ സ്ഥാപിച്ചു. കോട്ടയം പൈക സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 19.93 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനമാണ് നടക്കുന്നത്. പുതിയ കെട്ടിടത്തിൽ അത്യാഹിത വിഭാഗം, ഒബ്സർവേഷൻ റൂം, രണ്ട് ഐ.പി വാർഡുകൾ, മൈനർ ഓപ്പറേഷൻ തിയേറ്റർ, ഒ.പി വിഭാഗം, പാലിയേറ്റീവ് കെയർ യൂണിറ്റ്, എക്സറേ, ഇ.സി.ജി യൂണിറ്റുകൾ, ഫിസിയോതെറാപ്പി യൂണിറ്റ്, ആർ.എൻ.റ്റി.സി.പി ഡോട്ട് യൂണിറ്റ്, ഫാർമസി, ലാബ് സൗകര്യങ്ങൾ കൂടാതെ ഭരണവിഭാഗം, പബ്ലിക് ഹെൽത്ത് വിഭാഗം എന്നിവ പ്രവർത്തിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. വിശാലമായ കോൺഫറൻസ് ഹാളും, ലിഫ്റ്റ് സൗകര്യവും ആധുനിക ഫയർ ആന്റ് സേഫ്റ്റി സൗകര്യവും ഉൾപ്പെടുത്തിയിരിക്കുന്നു. ഈ കെട്ടിടം ഉദ്ഘാടനം ചെയ്യപ്പെടുന്നതോടെ പൈക ആശുപത്രിയിൽ എത്തുന്ന രോഗികൾക്ക് മികച്ച സേവനം ലഭിക്കും.

പത്തനംതിട്ട കോന്നിയിൽ 10 കോടി രൂപ മുടക്കി സജ്ജമാക്കിയ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയുടെ ഉദ്ഘാടനമാണ് നടക്കുന്നത്. സംസ്ഥാനത്തെ നാലാമത്തെ മരുന്ന് പരിശോധനാ ലബോറട്ടറിയാണിത്. 15,000 ചതുരശ്ര അടിയിൽ മൂന്ന് നിലകളിലായാണ് കെട്ടിടം നിർമ്മിച്ചിരിക്കുന്നത്. ലബോറട്ടറി പ്രവർത്തനക്ഷമമാക്കുന്നതോടെ പ്രതിവർഷം ഏകദേശം 4500 മരുന്നുകൾ പരിശോധിക്കാൻ സാധിക്കും. സംസ്ഥാനത്ത് മൊത്തം പ്രതിവർഷം പരിശോധിക്കുന്ന മരുന്നുകളുടെ എണ്ണം 15,000 ആയി വർദ്ധിക്കും. കൊല്ലം, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ വിതരണം നടത്തുന്ന മരുന്നുകളുടെ ഗുണനിലവാര പരിശോധന നടത്തുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. 1 ഐ.സി.ഡി.എസ്. പ്രോജക്ടുകളിൽ സംസ്ഥാന വനിത ശിശുവികസന വകുപ്പ് പൈലറ്റടിസ്ഥാനത്തിൽ നടപ്പിലാക്കിയിരുന്ന ആദ്യ 1000 ദിന പരിപാടി എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുകയാണ്. പുതിയ 17 പ്രോജക്ടുകൾ ഉൾപ്പെടെ എല്ലാ ജില്ലകളിലുമായി ആകെ 28 പ്രോജക്ടുകളിലാണ് പരിപാടി വ്യാപിപ്പിക്കുന്നത്. ഗർഭാവസ്ഥയിലായിരിക്കുമ്പോൾ മുതൽ കുട്ടിയ്ക്ക് രണ്ട് വയസ് തികയുന്നതുവരെയുള്ള ആദ്യ ആയിരം ദിനങ്ങൾ അതീവ പ്രാധാന്യമുള്ളതാണ്. കുട്ടിയുടെ ശരിയായ വളർച്ചയ്ക്കും വികാസത്തിനും ആ ദിനങ്ങളിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നതിനും പദ്ധതി സഹായിക്കും. 2.18 കോടിയുടെ പദ്ധതിയാണിത്. ഒരു സ്ത്രീ ഗർഭിണിയാകുന്ന നാൾ മുതൽ അങ്കണവാടി പ്രവർത്തകരും ഐ.സി.ഡി.എസ്. സൂപ്പർവൈസർ, സി.ഡി.പി.ഒ. തുടങ്ങിയ ഉദ്യോഗസ്ഥരും നിശ്ചിത ഇടവേളകളിൽ ഗുണഭോക്താക്കളുടെ ഭവന സന്ദർശനം നടത്തിയാണ് ഇടപെടലുകൾ നടത്തുന്നത്.

# ഐഎസിലേക്കു പോയത് 100 മലയാളികൾ; കണക്കുകൾ നിരത്തി മുഖ്യമന്ത്രി

തിരുവനന്തപുരം: 2019 വരെ ഐഎസിൽ ചേർന്നതായി വിവരം ലഭിച്ചത് നൂറു മലയാളികളെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ഇവരിൽ 72 പേർ തൊഴിൽപരമായ ആവശ്യത്തിനോ മറ്റോ വിദേശത്തു പോയതിനു ശേഷം അവിടെ നിന്ന് ഐഎസ് ആശയത്തിൽ ആകൃഷ്ടരായി പോയവരാണ്.

ഇവരിൽ കോഴിക്കോട് തുരുത്തിയാട് സ്വദേശി ദാമോദരൻറെ മകൻ പ്രജു ഒഴികെ മറ്റെല്ലാപേരും മുസ്ലിം സമുദായത്തിൽ ജനിച്ചവരാണ്. മറ്റുള്ള 28 പേർ ഐഎസ് ആശയങ്ങളിൽ ആകൃഷ്ടരായി കേരളത്തിൽ നിന്നു തന്നെ പോയവരാണെന്നും കണ്ടെത്തിയിട്ടുണ്ട്. ആ 28 പേരിൽ അഞ്ചു പേർ മാത്രമാണ് മറ്റു മതങ്ങളിൽ നിന്നും ഇസ്ലാം മതത്തിലേക്കു പരിവർത്തനം നടത്തിയ ശേഷം ഐഎസിൽ ചേർന്നത്.

അതിൽ തന്നെ തിരുവനന്തപുരം സ്വദേശിനി നിമിഷ എന്ന ഹിന്ദുമതത്തിൽ പെട്ട യുവതി പാലക്കാട് സ്വദേശിയായ ബെക്സൺ എന്ന ക്രിസ്ത്യൻ യുവാവിനെയും എറണാകുളം, തമ്മനം സ്വദേശിനിയായ മെറിൻ ജേക്കബ് എന്ന ക്രിസ്ത്യൻ യുവതി ബെസ്റ്റിൻ എന്ന ക്രിസ്ത്യൻ യുവാവിനെയും വിവാഹം കഴിച്ച ശേഷമാണ് ഇസ്ലാം മതത്തിലേക്കു പരിവർത്തനം നടത്തുകയും ഐഎസിൽ ചേരുകയും ചെയ്തത്.

പെൺകുട്ടികളെ പ്രണയക്കുരുക്കിൽപ്പെടുത്തി മതപരിവർത്തനം നടത്തി തീവ്രവാദ സംഘടനകളിൽ എത്തിക്കുന്നു എന്ന പ്രചാരണത്തെ സാധൂകരിക്കുന്നതല്ല ഈ കണക്കുകളെന്നും മുഖ്യമന്ത്രി പറഞ്ഞു. നാർക്കോട്ടിക്ക് ജിഹാദ് എന്ന പേരിൽ സംഘടിത ശ്രമങ്ങൾ നടക്കുന്നതായുള്ള പ്രസ്താവനയും പ്രചാരണങ്ങളും അടിസ്ഥാനരഹിതമാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

# തീയതി നീട്ടി

കേരളത്തിലെ സംഘടിത, അസംഘടിത മേഖലകളിലെ തൊഴിലാളികളുടെ ആശ്രിതർക്ക് വേണ്ടി കിലെ സിവിൽ സർവീസ് അക്കാഡമി ആരംഭിക്കുന്ന സിവിൽ സർവീസ് പ്രിലിമിനറി കോഴ്സിന് അപേക്ഷിക്കേണ്ട കാലാവധി ഒക്ടോബർ 5 വരെ നീട്ടി. അഡ്മിഷൻ സംബന്ധിച്ച വിശദ വിവരങ്ങൾക്ക്: ോww.k-i-l-e.k-er-a-l-a.gov.in.



റവന്യു വകുപ്പിന്റെ ഫയൽ അദാലത്ത് റവന്യു മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്യുന്നു

# പ്രക്ഷോഭം വ്യാപിപ്പിക്കാനൊരുങ്ങി കർഷകർ

ലഖ്നൗ: ഉത്തർപ്രദേശിൽ കർഷക പ്രക്ഷോഭങ്ങൾ കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിപിക്കാനൊരുങ്ങി കർഷകർ.സംസ്ഥാനത്ത് അടുത്ത വർഷം നടക്കാനിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ബിജെപിയെ പരാജയപ്പെടുത്തുകയാണ് ദൗത്യമെന്നും പടിഞ്ഞാറൻ ജില്ലകളിൽ നിന്ന് അവധിലേക്കും പൂർവഞ്ചൽ പ്രദേശത്തേക്കും പ്രക്ഷോഭം വ്യപിപ്പിക്കാനാണ് തീരുമാനമെന്നും സംയുക്ത കിസാൻ മോർച്ച (എസ്!കെഎം) അറിയിച്ചു. കർഷക വിരുദ്ധ ബിജെപിയെ പരാജയപ്പെടുത്തുകയാണ് ലക്ഷ്യം. കിഴക്കൻ മധ്യപ്രദേശിലെ കർഷകരും പ്രതിഷേധത്തിന്റെ ഭാഗമാകാൻ ആഗ്രഹിക്കുന്നുവെന്നും ഇത് കർഷകസമരത്തിന് കരുത്ത് വർധിപ്പിക്കുമെന്നും എസ്!കെഎം വക്താവ് പറഞ്ഞു. രണ്ട് മേഖലകളിലും ജില്ലാതലത്തിൽ ടീമുകൾ രൂപീകരിക്കാനും വിന്യസിക്കാനും മുസാഫർനഗർ പഞ്ചായത്തിന് ശേഷം നടന്ന ചർച്ചകളിലാണ് തീരുമാനമായത്. ബിജെപിക്കെതിരെ കർഷകരെ അണിനിരത്താൻ സംസ്ഥാനത്തുടനീളം 18 കർഷക മഹാപഞ്ചായത്തുകൾ നടത്താനാണ് നേരത്തെ തീരുമാനിച്ചിരുന്നത്. മുസാഫർനഗറിലെ സമ്മേളനത്തിനു ലഭിച്ച സ്വീകാര്യതയിൽ നിന്നാണ് അവധിലും പൂർവാഞ്ചിലും മഹാപഞ്ചായത്ത് നടത്തുമെന്ന തീരുമാനമുണ്ടായത്. ഉത്തർപ്രദേശിന്റെ മറ്റു ഭാഗങ്ങളെക്കാൾ കർഷക സംഘടനകളുടെ പ്രാതിനിധ്യം കുറഞ്ഞ മേഖലയാണ് അവധും പൂർവാഞ്ചലും. കിഴക്കൻ ഉത്തർപ്രദേശിലെ 80 ലധികം പ്രാദേശിക കാർഷിക സംഘടനകൾ സമരത്തിൽ പങ്കുതചേരുമെന്നാണ് വിവരം. ഇവയ്ക്ക് പുറമേ ബുണ്ടേൽഖണ്ഡിലേക്കും പ്രക്ഷോഭം വ്യാപിപിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

# റവന്യൂ വകുപ്പിലെ ഫയൽ തീർപ്പാക്കൽ യജ്ഞത്തിന് തുടക്കമായി

റവന്യൂ വകുപ്പിൽ ദീർഘകാലമായി കെട്ടിക്കിടക്കുന്ന ഫയലുകൾ ഡിസംബർ 30 നകം തീർപ്പാക്കുമെന്ന് റവന്യൂ മന്ത്രി കെ. രാജൻ അറിയിച്ചു. സെക്രട്ടേറിയറ്റ് അനക്സിലെ ലയം ഹാളിൽ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ ആരംഭിച്ച ഫയൽ തീർപ്പാക്കൽ യജ്ഞത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ഈ യജ്ഞത്തിന് ഒരു പ്രത്യേകതയുണ്ട്. സാധാരണ വില്ലേജ് ഓഫീസുകളിൽ നിന്ന് ആരംഭിച്ച് സെക്രട്ടേറിയറ്റിലേക്ക് കടക്കുന്ന ഫയൽ പരിശോധന പതിവിന് വിപരീതമായാണ് ഇത്തവണ നടത്തുന്നത്. സെക്രട്ടേറിയറ്റിലെ ഫയലുകൾ തീർത്ത് ഒക്ടോബർ മാസം 1 നും 15 നും ഇടയിൽ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലെ ഫയലുകളിൽ പരിശോധന നടത്തും. ഒക്ടോബർ 15 നും 30 നും ഇടയിൽ കളക്റ്ററേറ്റിലെ ഫയലുകളും നവംബർ മാസത്തിൽ കേരളത്തിലെ 78 താലൂക്കുകളിലെയും അദാലത്ത് നടത്തി ഡിസംബർ 30 നകം സംസ്ഥാനത്തെ 1666 വില്ലേജുകളിലേയും ഫയൽ അദാലത്തിലേക്ക് പോവുക എന്ന സംവിധാനമാണ് ഒരുക്കിയിരിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.

ദീർഘകാലമായി ഫയലുകളിൽ നിന്ന് ഫയലുകളിലേക്ക് സഞ്ചരിച്ചു കൊണ്ടിരിക്കുന്ന മനുഷ്യ ജീവിതങ്ങളെ ഇതിൽ നിന്ന് സ്വതന്ത്രമാക്കുക എന്ന പ്രധാനപ്പെട്ട കർത്തവ്യമാണ് ഇതിലൂടെ റവന്യൂ വകുപ്പ് ലക്ഷ്യം വയ്ക്കുന്നത്. 2021ൽ തന്നെ റവന്യൂ വകുപ്പിലെ ഭൂരിഭാഗം പരാതികളും പരമാവധി വേഗത്തിൽ തീർപ്പാക്കും. പരിശോധനയ്ക്ക് വരുന്ന ഫയലുകളുമായി ബന്ധപ്പെട്ട് ഏത് ഉയർന്ന തലം വരെയുമുള്ള അഭിപ്രായങ്ങൾ അപ്പപ്പോൾ ലഭ്യമാക്കി ഫയൽ അവസാനിപ്പിക്കാൻ കഴിയുമെന്ന പ്രതീക്ഷയാണുള്ളത്. ഡിസംബർ 30ഓടെ ഫയൽ അദാലത്ത് പൂർത്തിയാക്കാൻ കഴിയുമെന്നും മന്ത്രി പറഞ്ഞു.

## പാലാ ബിഷപ്പിനെ ഒറ്റപ്പെടുത്തി ആക്രമിക്കാൻ ബോധപൂർവ ശ്രമം: സീറോ മലബാർ സഭ

കൊച്ചി: നാർക്കോട്ടിക് ജിഹാദ് പരാമർശത്തിൽ പാലാ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ടിന് പിന്തുണയുമായി സീറോ മലബാർ സഭ. ബിഷപ്പിനെ ഒറ്റപ്പെടുത്തി ആക്രമിക്കാൻ ബോധപൂർവമായ ശ്രമം നടക്കുന്നു.

ബിഷപ്പിനെതിരേ നടപടി സ്വീകരിക്കണമെന്ന മുറവിളി ആസൂത്രിതമെന്നും സീറോ മലബാർ സഭയുടെ പബ്ലിക് അഫയേഴ്സ് കമ്മീഷൻ പുറപ്പെടുവിച്ച പ്രസ്താവനയിൽ പറയുന്നു.

ബിഷപ്പ് പറഞ്ഞതിൻറെ ഉദ്ദേശശുദ്ധി വ്യക്തമായിക്കഴിഞ്ഞു. ബിഷപ്പിനെ കുറ്റപ്പെടുത്താനുള്ള നീക്കം അവസാനിപ്പിക്കണം. ബിഷപ്പിനൊപ്പം ഒറ്റക്കെട്ടായി സഭ നിലകൊള്ളും. പ്രസംഗം വിവാദമാക്കിയവരാണ് വിഷയത്തിൻറെ ഗൗരവം നഷ്ടപ്പെടുത്തിയത്. ചില രാഷ്ട്രീയ നേതാക്കൾ പ്രശ്നം വഷളാക്കി. രണ്ടു മത വിഭാഗങ്ങൾ തമ്മിലുള്ള പ്രശ്നമായി ചിത്രീകരിച്ചുവെന്നും സഭ വ്യക്തമാക്കുന്നു.

ഏതെങ്കിലും ഒരു മതത്തെയോ മതവിശ്വാസത്തെയോ കുറ്റപ്പെടുത്തി ബിഷപ്പ് സംസാരിച്ചിട്ടില്ലെന്ന് പാലാ രൂപതാ കേന്ദ്രം വ്യക്തമാക്കിയിട്ടുള്ളതാണ്.

കേരളസമൂഹത്തിൽ മയക്കുമരുന്ന് വ്യാപാരം നടക്കുന്നുണ്ടെന്ന വസ്തുതയാണ് ബിഷപ്പ് തുറന്നു പറഞ്ഞത്. എന്നാൽ പിതാവിനെ ഒറ്റപ്പെടുത്തി ആക്രമിക്കാനുള്ള ബോധപൂർവകമായ ശ്രമമാണ് ഉണ്ടായതെന്നും സഭ വിശദമാക്കി.

# സീറോ മലബാർ സഭ പബ്ലിക് അഫയേഴ്സ് കമ്മീഷൻ പുറപ്പെടുവിച്ച പ്രസ്താവന

പാലാ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് 2021 സെപ്റ്റംബർ 8ാം തീയതി കുറവിലങ്ങാട് പള്ളിയിൽ വി. കുർബാനമദ്ധ്യേ നടത്തിയ പ്രസംഗത്തിൽ, തന്റെ ശ്രദ്ധയ്ക്കും കരുതലിനും ഏൽപ്പിക്കപ്പെട്ടിരിക്കുന്ന സഭാമക്കൾക്ക് നൽകിയ ചില മുന്നറിയിപ്പുകളുടെ പേരിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന വിവാദം ദൗർഭാഗ്യകരമാണ്.

മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഏതെങ്കിലും ഒരു സമുദായത്തെയോ മതത്തെയോ മതവിശ്വാസത്തെയോ അപകീർത്തിപ്പെടുത്തുന്ന രീതിയിൽ സംസാരിച്ചിട്ടില്ലായെന്നത് ഏവർക്കും വ്യക്തമായ കാര്യമാണ്. അതേസമയം ചില സംഘടിത സമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് അദ്ദേഹം മുന്നറിയിപ്പു നൽകുകയും ചെയ്തു. ഏതെങ്കിലും ഒരു മതത്തെയോ മതവിശ്വാസത്തെയോ കുറ്റപ്പെടുത്തുടുത്തി മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് സംസാരിച്ചിട്ടില്ലെന്ന് പാലരൂപതാ കേന്ദ്രവും വ്യക്തമാക്കിയിട്ടുള്ളതാണ്.

'നാർക്കോ ജിഹാദ്' എന്ന വാക്ക്, അഫ്ഗാനിസ്ഥാനിൽ നടത്തുന്ന മയക്കുമരുന്നു കച്ചവടവുമായി ബന്ധപ്പെടുത്തി 'യൂറോപ്യൻ ഫൗണ്ടേഷൻ ഫോർ സൗത്ത് ഏഷ്യൻ സ്റ്റഡീസ്' ന്റെ 2017ലെ ഒരു പ്രബന്ധത്തിൽ ഉപയോഗിച്ചിട്ടുള്ളതാണ്. ഭീകരവാദ സംഘടനകൾ മയക്കുമരുന്നു വിൽപ്പനനടത്തുന്നുണ്ട് എന്നതു വസ്തുതകളുടെ അടിസ്ഥാനത്തിൽ മേൽപറഞ്ഞ രേഖ സമർത്ഥിക്കുന്നുണ്ട്.

അഫ്ഗാനിസ്ഥാനിൽ നിന്നു കയറ്റിവിട്ട 21,000 കോടി വിലവരുന്ന 3000 കിലോ മയക്കുമരുന്നു ഗുജറാത്തിലെ മുന്ദ്ര തുറമുഖത്തുനിന്നു ഏതാനും ദിവസങ്ങൾക്കു മുൻപു പിടിച്ചെടുത്തു. അത് ഇന്ത്യയുടെ ചരിത്രത്തിലെ ഏറ്റവും വലിയ മയക്കുമരുന്നു വേട്ടയായി ദേശീയ പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. ഇത്തരം സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളോടു ശത്രുതാപരമായ അകലം പാലിക്കുന്നവരാണു കേരളത്തിലെ എല്ലാ മതസമൂഹങ്ങളും സംഘടനകളും. അതേസമയം, കേരളസമൂഹത്തിലും അപകടകരമായ ഈ 'മരണവ്യാപാരം' നടക്കുന്നുണ്ട് എന്നതു വസ്തുതയാണ്. ഇതിനെതിരെയാണ് മാർ ജോസഫ് കല്ലറങ്ങാട്ട് മുന്നറിയിപ്പു നൽകിയത്.

അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവിന്റെ പ്രസംഗം വിവാദമാക്കിയവർ അദ്ദേഹം ഉന്നയിച്ച വിഷയത്തിന്റെ ഗൗരവം ബോധപൂർവം നഷ്ടപ്പെടുത്തി. അതിനുവേണ്ടി സമകാലിക കേരളസമൂഹത്തിൽ എളുപ്പത്തിൽ വിറ്റഴിയുന്ന 'മതസ്പർധ', 'വർഗീയത' എന്നീ ലേബലുകൾ പിതാവിന്റെ പ്രസംഗത്തിനു നൽകി. മാർ കല്ലറങ്ങാട്ടു നടത്തിയത് പൊതുജനത്തിനുവേണ്ടിയുള്ള ഒരു പ്രസ്താവനയായിരുന്നില്ല മറിച്ച്, ദൈവാലയത്തിൽ വച്ച് സഭാമാക്കൾക്കളോട് നടത്തിയ ഒരു പ്രസംഗമാണ് എന്ന വസ്തുത സൗകര്യപൂർവ്വം അവഗണിച്ചു. ചില രാഷ്ട്രീയ നേതാക്കന്മാരും മാധ്യമങ്ങളും പ്രസ്ഥാനങ്ങളും അവരുടെ ഇടപെടലുകളിലൂടെ പിതാവിന്റെ പ്രസംഗത്തെ രണ്ടു മതങ്ങൾ തമ്മിലുള്ള പ്രശ്നമായി അവതരിപ്പിച്ചു. ഈ തെറ്റായ അവതരണമാണു വിവാദങ്ങൾക്കും ഫലരഹിതമായ ചർച്ചകൾക്കും കാരണമായത്.

അതിനാൽ, അഭിവന്ദ്യ കല്ലറങ്ങാട്ട് പിതാവ് കുറവിലങ്ങാട് ഇടവകപള്ളിയിൽ നടത്തിയ പ്രസംഗം മതസ്പർധ വളർത്തിയെന്നു ആരോപിച്ചുകൊണ്ട് പിതാവിനെ ഒറ്റപ്പെടുത്തി ആക്രമിക്കാനുള്ള ബോധപൂർവകമായ പ്രചരണം നടത്തുന്നവർ അതിൽനിന്നു പിന്മാറണമെന്ന് അഭ്യർത്ഥിക്കുന്നു. പിതാവിന്റെ പ്രസംഗത്തിന്റെ സാഹചര്യവും ഉദ്ദേശശുദ്ധിയും വ്യക്തമാണെന്നിരിക്കേ പിതാവിനെതിരെ നടപടി സ്വീകരിക്കണമെന്നുള്ള മുറവിളി ആസൂത്രിതമാണെന്ന് തിരിച്ചറിയുന്നു.

കേരളസമൂഹത്തിൽ നിലനിന്നുപോരുന്ന സാഹോദര്യവും സഹവർത്തിത്വവും നഷ്ടപ്പെടുത്താനേ ഇത്തരം നീക്കങ്ങൾ ഉപകരിക്കൂ. യാഥാർത്ഥ്യമറിഞ്ഞിട്ടും പലവിധ സമ്മർദ്ധങ്ങൾക്കു വഴങ്ങി കല്ലറങ്ങാട്ടു പിതാവിനെ കുറ്റപ്പെടുത്താനുള്ള നീക്കം ആരുടെ ഭാഗത്തുനിന്നുണ്ടായാലും അതിനെതിരെ ഒറ്റക്കെട്ടായി പിതാവിനോടൊപ്പം നിലകൊള്ളുമെന്നും വ്യക്തമാക്കുന്നു.

കേരളത്തിന്റെ മതസൗഹാർദവും സാമുദായിക ഐക്യവും കാത്തുസൂക്ഷിക്കാനും പരിപോഷിപ്പിക്കാനും സീറോമലബാർസഭ എന്നും പ്രതിജ്ഞാബദ്ധമാണ്. വർഗീയതയോ മതസ്പർധയോ വളർത്തുന്ന യാതൊരു നിലപാടും സഭ നാളിതുവരെ സ്വീകരിച്ചിട്ടില്ല. അതിനാൽ മതവിദ്വേഷവും സാമുദായിക സ്പർദ്ധയും വളർത്തുന്ന പ്രചരണങ്ങളിൽ നിന്ന് എല്ലാവരും വിട്ടുനില്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

അതേസമയം, പൊതുസമൂഹത്തോടു ചേർന്നു കേരളസമൂഹത്തിന്റെ നന്മയും സമാധാനവും ഇല്ലാതാക്കുന്ന സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് ഫലപ്രദമായി അന്വേഷിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇത്തരം തിന്മകൾക്കെതിരെയുള്ള സന്ധിയില്ലാസമരം തുടരുമെന്നും ഇതിനാൽ വ്യക്തമാക്കുന്നു.

സീറോമലബാർസഭയുടെ പബ്ലിക് അഫയേഴ്സ് കമ്മീഷൻ ചെയർമാൻ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്തിന്റെ അധ്യക്ഷതയിൽ ചേർന്ന ഓൺലൈൻ മീറ്റിംഗിലാണ് സീറോമലബാർ സഭയുടെ ഈ നിലപാട് വ്യക്തമാക്കിയത്. പബ്ലിക് അഫയേഴ്സ് കമ്മീഷൻ, കുടുംബത്തിനും അൽമായർക്കും ജീവനും വേണ്ടിയുള്ള കമ്മീഷൻ, മാധ്യമ കമ്മീഷൻ, യുവജന കമ്മീഷൻ, സമർപ്പിതർക്കായുള്ള കമ്മീഷൻ എന്നിവയെ പ്രതിനിധീകരിച്ച് ബിഷപ് മാർ പോളി കണ്ണൂക്കാടൻ, മാർ റെമിജിയോസ് ഇഞ്ചനാനിയിൽ, മാർ ജോസ് പുളിയ്ക്കൽ, മാർ ജോസഫ് പണ്ടാരശ്ശേരിൽ, മാർ തോമസ് തറയിൽ, കമ്മീഷൻ സെക്രട്ടറിമാർ, കത്തോലിക്കാ കോൺഗ്രസ്സ് ഗ്ലോബൽ പ്രസിഡണ്ട് അഡ്വ. ബിജു പറയന്നിലം തുടങ്ങിയ അൽമായ പ്രതിനിധികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

## ബൊൾസൊനാരൊക്ക് ഒപ്പമെത്തിയ ആരോഗ്യ മന്ത്രിക്ക് കോവി!ഡ്

ന്യൂയോർക്ക്: യുഎൻ ജനറൽ അസംബ്ലിയിൽ ബ്രസീൽ പ്രസിഡന്റ് ജ്യ്റ്! ബൊൾസൊനാരൊയ്ക്കൊപ്പം പങ്കെടുത്ത ആരോഗ്യമന്ത്രിക്ക് കോവിഡ് സ്ഥിരീകരിച്ചു. യുഎൻ സമ്മേളനത്തിൽ പങ്കെടുക്കാൻ ന്യൂയോർക്കിലെത്തിയ ബ്രസീലിയൻ സംഘത്തിൽ കോവിഡ് സ്ഥിരീകരിക്കുന്ന രണ്ടാമത്തെ വ്യക്തിയാണ് ആരോഗ്യമന്ത്രി മാർസെലോ ക്വയിറോഗ.

55കാരനായ ക്വയിറോഗ അമേരിക്കയിൽ സമ്പർക്കവിലക്കിൽ കഴിയുകയാണ്. സംഘത്തിലുള്ള ബാക്കിയുള്ളവരുടെ കോവിഡ് പരിശോധനാഫലം നെഗറ്റീവാണെന്നും ഇവർ മടങ്ങിയതായും ബ്രസീലിയൻ സർക്കാരിന്റെ വാർത്താക്കുറിപ്പിൽ പറയുന്നു.

ബ്രിട്ടീഷ് പ്രധാനമന്ത്രി ബോറിസ് ജോൺസണുമായി നടത്തിയ കൂടിക്കാഴ്ച ഉൾപ്പെടെ നിരവധി പരിപാടികളിൽ ബൊൾസൊനാരൊയ്ക്കൊപ്പം ക്വയിറോഗ പങ്കെടുത്തിരുന്നു. കോവിഡ് വാക്സിൻ വിരോധിയായ ബൊൾസൊനാരൊ അമേരിക്കൻ സന്ദർശനത്തിനിടെ മാസ്ക് ധരിക്കാതെ നിരവധി സ്ഥലങ്ങളിൽ പ്രത്യക്ഷപ്പെട്ടിരുന്നു. കൊവിഡ് വാക്സിൻ സ്വീകരിക്കുന്ന അവസാന ബ്രസീലുകാരനാകാനാണ് ആഗ്രഹമെന്നാണ് ബൊൾസൊനാരൊയുടെ പക്ഷം. 5,91,440 പേരാണ് ബ്രസീലിൽ ഇതുവരെ കോവിഡ് ബാധിച്ച് മരിച്ചത്.

# അസ്ട്രസെനകയുടെ രണ്ടാം ഡോസ് നാല് ആഴ്ചകൾക്കുശേഷം

ന്യൂഡൽഹി: വാക്സിൻ കയറ്റമതി പുനരാരംഭിക്കുമെന്ന് പ്രഖ്യാപിച്ചതിനുപിന്നാലെ വിതരണത്തിൽ അസമത്വം സൃഷ്ടിക്കാനൊരുങ്ങി കേന്ദ്രസർക്കാർ. സ്വകാര്യ ആശുപത്രികളും ക്ലിനിക്കുകളും നൽകുന്ന കോവിഡ് പ്രതിരോധ വാക്സിനിലെ ഇടവേള കേന്ദ്രം കുറച്ചേക്കുമെന്നാണ് റിപ്പോർട്ടുകൾ. പണം നൽകി വാക്സിൻ വാങ്ങുന്നവർക്കാണ് ഡോസ് ഇടവേളകളിൽ മാറ്റം വരുത്തുകയെന്നും റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു. ഈ മാസം ആദ്യം, കേരള ഹൈക്കോടതി ആരോഗ്യ മന്ത്രാലയത്തിന്റെ വാക്സിൻ ബുക്കിങ് പ്ലാറ്റ്ഫോമിൽ മാറ്റങ്ങൾ വരുത്താൻ ഉത്തരവിട്ടിരുന്നു. 12 മുതൽ 16 ആഴ്ച കഴിഞ്ഞാലാണ് രണ്ടാം ഡോസ് വാക്സിൻ സ്വീകരിക്കേണ്ടത്. അതേസമയം സ്വകാര്യ ആശുപത്രിയിൽ നിന്ന് വാക്സിൻ സ്വീകരിക്കുന്നവർക്ക് ഈ ഇടവേള പുതിയ ഉത്തരവ് പ്രകാരം ബാധകമായേക്കില്ലെന്നും റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

പുറത്തുവരുന്ന വിവരങ്ങൾ പ്രകാരം അസ്ട്രസെനക വാക്സിൻ എടുക്കുന്നവർക്ക് നാല് ആഴ്ചകൾക്കുശേഷം രണ്ടാം ഡോസ് വാക്സിൻ സ്വീകരിക്കാം. അതേസമയം പുതുക്കിയ നിർദ്ദേശങ്ങൾ എന്ന് മുതൽ നടപ്പിലാക്കുമെന്നതിൽ വ്യക്തതയില്ല. വാക്സിൻ ഡോസുകളിലെ ഇടവേള സംബന്ധിച്ച് കേന്ദ്രസർക്കാരും പ്രതികരിച്ചിട്ടില്ല.

# കോവിഡ് കൂടുതൽ നിയന്ത്രണ വിധേയമാകുന്നു: മുഖ്യമന്ത്രി

കോവിഡ് കൂടുതൽ നിയന്ത്രണ വിധേയമാവുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. സെപ്റ്റംബർ 15 മുതൽ 21 വരെയുള്ള കാലയളവിൽ, ശരാശരി ദൈനംദിന ആക്ടീവ് കേസുകൾ 1,78,363 ആണ്. അവയിൽ രണ്ട് ശതമാനം മാത്രമേ ഓക്സിജൻ കിടക്കകളിലുള്ളൂ. ഒരു ശതമാനം മാത്രമാണ് ഐസിയുവിൽ പ്രവേശിപ്പിക്കപ്പെട്ടത്. പുതിയ കേസുകളിലെ വളർച്ചാനിരക്ക് കഴിഞ്ഞ ആഴ്ചയെ അപേക്ഷിച്ച് ഈ ആഴ്ചയിൽ 13 ശതമാനം കുറഞ്ഞു. ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ട രോഗികളുടെ എണ്ണം, ഐസിയു, വെന്റിലേറ്റർ, ഓക്സിജൻ സപ്പോർട്ട് എന്നിവ കഴിഞ്ഞ ആഴ്ചയെ അപേക്ഷിച്ച് യഥാക്രമം 10 ശതമാനം, ആറ് ശതമാനം, ഏഴ് ശതമാനം, 10 ശതമാനം കുറഞ്ഞു. ആശുപത്രിയിൽ പ്രവേശിക്കപ്പെടുന്നവരുടെ നിരക്കും ഗുരുതരമായ കേസുകളും കുറയുന്ന പ്രവണതയാണുള്ളത്.

നിയന്ത്രണങ്ങളിൽ ഇളവുകൾ ഉണ്ടെങ്കിലും എല്ലാവരും ജാഗ്രത പാലിക്കണം. കോവിഡ് വാക്സിൻ എടുത്തവരും ജാഗ്രത പുലർത്തണം. വാക്സിനേഷൻ എടുത്ത ആളുകൾക്ക് കുറഞ്ഞ അളവിലെങ്കിലും രോഗബാധ ഉണ്ടായേക്കാം. പ്രത്യേകിച്ചും അനുബന്ധ രോഗങ്ങൾ ഉള്ളവർ രോഗം വരാതിരിക്കാൻ വേണ്ട മുൻകരുതലുകൾ സ്വീകരിക്കണം. രോഗമുക്തി നേടുന്നവരുടെ എണ്ണത്തിൽ വർധനവുണ്ടായിട്ടുണ്ട്. മാസ്ക് ധരിക്കുന്നതിൽ ഒരിളവും ഇപ്പോൾ വരുത്തിയിട്ടില്ല. വ്യാപാരസ്ഥാപനങ്ങളിലും മറ്റ് പൊതു ഇടങ്ങളിലും മാസ്കില്ലാതെ പലരും ഇടപഴകുന്നത് ശ്രദ്ധയിലുണ്ട്. അത്തരക്കാർക്കെതിരെ നടപടി സ്വീകരിക്കും. റസ്റ്ററന്റിൽ മാസ്കില്ലാതെ സപ്ലൈ ചെയ്യാനും പാകംചെയ്യാനും നിന്നാൽ ഒറ്റയടിക്ക് അനേകം പേർക്ക് രോഗം പകരുന്നതിലേക്കാണ് നയിക്കുക. അത്തരം അപകട സാധ്യത ഒഴിവാക്കണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

## പ്രണയ വിവാഹം; ദമ്പതികളെ ടയർ കഴുത്തിലണിയിച്ച് നൃത്തം ചെയ്യിപ്പിച്ചു

ഭോപ്പാൽ: മധ്യപ്രദേശിൽ പ്രണയിച്ച് വിവാഹം കഴിച്ചതിന് യുവാവിനെയും യുവതിയെയും മോട്ടോർ സൈക്കിളിന്റെ ടയർ കഴുത്തിലണിയിച്ച് നൃത്തം ചെയ്യിപ്പിച്ച് ഗ്രാമവാസികൾ.

മധ്യപ്രദേശിലെ കുന്ദി ഗ്രാമത്തിൽ കഴിഞ്ഞ സെപ്റ്റംബർ 12 നായിരുന്നു സംഭവം. യുവാവിനെയും യുവതിയെയും ഒളിച്ചോടാൻ സഹായിച്ചു എന്നാരോപിച്ച് 13 വയസുള്ള പെൺകുട്ടിയെയും ടയർ കഴുത്തിലിട്ട് നൃത്തം ചെയ്യിച്ചിരുന്നു. ഇതിന്റെ വീഡിയോ സമൂഹമാധ്യമങ്ങളിൽ പ്രചരിച്ചതിനെ തുടർന്ന്, ധാർ പൊലീസ് കേസ് രജിസ്റ്റർ ചെയ്തു. സംഭവത്തിൽ അഞ്ചുപേർക്കെതിരെയാണ് കേസെടുത്തത്. ഇവരിൽ മൂന്നുപേരെ അറസ്റ്റ് ചെയ്തതായി പൊലീസ് അറിയിച്ചു.

ജൂലൈ മാസത്തിലാണ് 19 വയസ്സുള്ള യുവതിയെ വീട്ടിൽ നിന്നും കാണാതായത്. തുടർന്ന് വീട്ടുകാർ പൊലീസിൽ പരാതിയും നൽകിയിരുന്നു. പിന്നീട് ഇവർ നാട്ടിലേക്ക് തിരിച്ചെത്തിയപ്പോഴാണ് അഞ്ചംഗ സംഘം ഇവരെ പിടികൂടി അധിക്ഷേപിച്ചത്. ടയർ കഴുത്തിലിട്ട് നൃത്തം ചെയ്യിച്ചതിന് പുറമെ, ഒരാൾ ഇവരുടെ തലയിൽ നിരവധി തവണ വടി കൊണ്ട് മർദ്ദിക്കുകയും ചെയ്യുന്നത് ദൃശ്യങ്ങളിലുണ്ട്. സംഭവത്തിലെ മറ്റു രണ്ടു പ്രതികൾക്കും വേണ്ടി അന്വേഷണം ഊർജ്ജിതമാക്കിയതായും പൊലീസ് അധികൃതർ അറിയിച്ചു.

# 65 വയസിന് മുകളിലുള്ള എല്ലാവരും വാക്സിനെടുക്കണം

മുതിർന്ന പൗരൻമാരിൽ ധാരാളം പേർ ഇനിയും വാക്സിനെടുക്കാനുണ്ടെന്നും 65 വയസിന് മുകളിൽ പ്രായമുള്ളവർ ഉടനെ വാക്സിനെടുക്കാൻ തയ്യാറാവണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. വാക്സിനെടുക്കുന്നതിൽ വിമുഖത പലരും പ്രകടിപ്പിക്കുന്നുണ്ട്. ഇത് ഒഴിവാക്കേണ്ടതാണ്. വയോജനങ്ങളിലും അനുബന്ധ രോഗങ്ങളുള്ളവരിലും പോസിറ്റീവാകുന്നവർ ആശുപത്രിയിൽ തക്ക സമയെത്തുന്നതിൽ അലംഭാവം കാണിക്കുന്നുണ്ട്. ഇതും ഒഴിവാക്കണം. 30 ശതമാനത്തോളം പേർക്കാണ് തക്ക സമയത്ത് ആശുപത്രിയിൽ എത്താൻ കഴിയാതെ ജീവൻ നഷ്ടപ്പെട്ടത്. 65 വയസിന് മുകളിലുള്ളവർ എല്ലാം വാക്സിനെടുക്കുകയും, മറ്റ് രോഗങ്ങളുള്ളവരും പ്രായമായവരും കോവിഡ് പോസിറ്റീവായാൽ കൃത്യ സമയത്ത് ആശുപത്രിയിലെത്തുകയും ചെയ്താൽ മരണ നിരക്ക് ഗണ്യമായി കുറയ്ക്കാൻ സാധിക്കും. അക്കാര്യത്തിൽ പൊതുസമൂഹത്തിന്റെയും വീട്ടുകാരുടെയും ഭാഗത്തു നിന്ന് ശ്രദ്ധ ഉണ്ടാകണം.

സംസ്ഥാനത്ത് സെറോ പ്രിവിലൻസ് പഠനം പൂർത്തിയായി വരികയാണ്. രോഗം വന്നും വാക്സിനേഷൻ സ്വീകരിച്ചും എത്ര ശതമാനം ആളുകൾക്ക് രോഗപ്രതിരോധ ശേഷി കൈവരിക്കാൻ കഴിഞ്ഞു എന്നതാണ് സെറോ പ്രിവിലൻസ് പഠനം കൊണ്ട് ഉദ്ദേശിക്കുന്നത്. കുട്ടികൾക്കായി പ്രത്യേക പഠനവും നടത്തുന്നുണ്ട്. രോഗം ഏതാണ്ട് നിയന്ത്രണ വിധേയമായിക്കൊണ്ടിരിക്കുന്നതിനാലാണ് കോളേജുകൾ അടുത്ത മാസവും സ്കൂളുകൾ നവംബറിലും തുറക്കാനുള്ള തീരുമാനമുണ്ടായതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

## ഹൈദരാബാദിനെതിരേ ഡൽഹിക്ക് മിന്നും ജയം

ദുബായ്: സൺറൈസേഴ്സ് ഹൈദരാബാദിനെതിരേ ഡൽഹി ക്യാപിറ്റൽസിന് എട്ടു വിക്കറ്റിൻറെ മിന്നും ജയം. ആദ്യം ബാറ്റ് ചെയ്ത സൺറൈസേഴ്സ് 20 ഓവറിൽ ഒൻപത് വിക്കറ്റിന് 134 റൺസാണ് നേടിയത്. മറുപടി ബാറ്റിംഗിൽ ഡൽഹി 17.5 ഓവറിൽ രണ്ട് വിക്കറ്റ് മാത്രം നഷ്ടപ്പെടുത്തി ലക്ഷ്യം മറികടന്നു.

# ലോകനേതാക്കളെ അഭിസംബോധന ചെയ്യാൻ അനുവദിക്കണമെന്ന് താലിബാൻ

ന്യൂയോർക്ക്: ഐക്യരാഷ്ട്ര സഭയുടെ സമ്മേളനത്തിൽ ലോകനേതാക്കളെ അഭിസംബോധന ചെയ്യാൻ അനുവദിക്കണമെന്ന് താലിബാൻ ആവശ്യപ്പെട്ടു. ഖത്തർ ആസ്ഥാനമായി പ്രവർത്തിക്കുന്ന സംഘടനയുടെ വക്താവ് സുഹൈൽ ഷഹീനെ അഫ്ഗാനിസ്ഥാന്റെ യുഎൻ അംബാസഡറായി നിയമിക്കുകയും ചെയ്തു.

താലിബാൻ വിദേശകാര്യമന്ത്രി അമിർ ഖാൻ മുത്താഖി യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസിന് കത്തയച്ചു. കത്ത് കിട്ടിയതായി സെക്രട്ടറി ജനറലിന്റെ വക്താവ് ഫർഹാൻ ഹഖ് സ്ഥിരീകരിച്ചു. ചൈനയും റഷ്യയും ഉൾപ്പെട്ട ക്രെഡൻഷ്യൽ കമ്മിറ്റിക്കു കത്തു കൈമാറിയെന്നും ഹഖ് പറഞ്ഞു. യുഎൻ യോഗം അവസാനിക്കുന്നതിന് മുമ്പ് കമ്മിറ്റി ചേരാൻ സാധ്യതയില്ലാത്തതിനാൽ താലിബാൻ വിദേശകാര്യമന്ത്രിക്കു യോഗത്തിൽ പങ്കെടുക്കാൻ കഴിയില്ലെന്നാണു റിപ്പോർട്ട്. തിങ്കളാഴ്ചയാണ് രോഗം ചേരുക.

അഫ്ഗാനിലെ മുൻ സർക്കാരിന്റെ പ്രതിനിധി ഗുലാം ഇസാക്സായി ന്യൂയോർക്കിലുണ്ട്. ഇദ്ദേഹത്തിന്റെ ദൗത്യം അവസാനിച്ചുവെന്നും അഫ്ഗാനെ നിലവിൽ ഗുലാം ഇസാക്സായി പ്രതിനിധീകരിക്കുന്നില്ലെന്നും താലിബാന്റെ കത്തിൽ പറയുന്നു. എന്നാൽ യുഎൻ നിയമപ്രകാരം ക്രെഡൻഷ്യൽ കമ്മിറ്റി അന്തിമതീരുമാനമെടുക്കും വരെ ഗുലാം ഇസാക്സായി തന്നെയാവും പ്രതിനിധിയായി തുടരുക.27ന് അദ്ദേഹം സഭയെ അഭിസംബോധന ചെയ്യും. 19962001 കാലയളവിൽ താലിബാൻ ഭരിച്ചപ്പോൾ പുറത്താക്കപ്പെട്ട സർക്കാരിന്റെ പ്രതിനിധിയാണ് യുഎന്നിൽ തുടർന്നത്.

NAUTICAL TIMES KERALA Thiruvananthapuram RNI.Reg,No. KERBIL/2018/77391 2021 SEPTEMBER 23 THURSDAY


# കുടുംബശ്രീ –പി.എം യുവ പദ്ധതി അവാർഡ് ജേതാക്കളെ പ്രഖ്യാപിച്ചു

തിരുവനന്തപുരം: തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സമ്പ്രദായത്തെ സംരംഭകത്വ മേഖലയുമായി ബന്ധിപ്പിച്ചുകൊണ്ട് കാർഷിക വ്യാവസായിക സേവനരംഗങ്ങളിൽ നവീന ആശയങ്ങളും തൊഴിലവസരങ്ങളും കണ്ടെത്താനാകുമെന്ന് തദ്ദേശ സ്വയംഭരണ ഗ്രാമവികസ എക്സൈസ് വകുപ്പ് മന്ത്രി എം.വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. കുടുംബശ്രീ മുഖേന സംസ്ഥാനത്തെ തിരഞ്ഞെടുത്ത ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ പൂർത്തീകരിച്ച പി.എം. യുവ യോജന-പദ്ധതി പൂർത്തീകരണവുമായി ബന്ധപ്പെട്ട്, വിവിധ മേഖലകളിൽ സംഘടിപ്പിച്ച മത്സരങ്ങളുടെ അവാർഡ് പ്രഖ്യാപന ചടങ്ങ് ഓൺലൈനായി ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

തൊഴിൽ നേടുക എന്നതിൽ നിന്നും സംരംഭകത്വത്തിലേക്കും അതുവഴി തൊഴിൽ നൽകാൻ പ്രാപ്തരായ സംരംഭകർ എന്ന നിലയിലേക്കും യുവജനങ്ങളെ എത്തിക്കുന്നതു ലക്ഷ്യമിട്ട് കേന്ദ്ര നൈപുണ്യ വികസന സംരംഭകത്വ മന്ത്രാലയം കുടുംബശ്രീ മുഖേന സംസ്ഥാനത്തു നടപ്പാക്കിയ പദ്ധതിയാണ് പി.എം.യുവ. കേരളം ഉൾപ്പെടെ പത്തു സംസ്ഥാനങ്ങളിലും രണ്ട് കേന്ദ്രഭരണ പ്രദേശങ്ങളിലുമാണ് പദ്ധതി നടപ്പാക്കുന്നത്.

ഇതിൽ പദ്ധതി ആദ്യം പൂർത്തീകരിച്ച സംസ്ഥാനം കേരളമാണ്. കുടുംബശ്രീയുടെ നേതൃത്വത്തിൽ ദേശീയതലത്തിൽ ശ്രദ്ധേയമായ നേട്ടമാണ് ഇതിലൂടെ കേരളം കൈവരിച്ചതെന്ന് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ്പ് ആൻഡ് സ്മോൾ ബിസിനസ് ഡെവലപ്മെന്റ് ഡയറക്ടർ ഡോ.പൂനം സിൻഹ പറഞ്ഞു.

കേരളത്തിൽ കോഴിക്കോട്, മലപ്പുറം, പാലക്കാട്, തൃശൂർ, ആലപ്പുഴ എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പാക്കിയത്. യുവസംരംഭകർക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാൻ ഉതകുന്ന രീതിയിൽ കമ്യൂണിറ്റിതലം, സ്ഥാപനതലം എന്നിങ്ങനെ രണ്ടു വിഭാഗങ്ങളിലായാണ് പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ചത്. ആദ്യവിഭാഗത്തിൽ സംരംഭകത്വ ബോധവൽക്കരണവും സംരംഭകത്വ വികസനത്തിനുതകുന്ന ത്രിദിന ബൂട്ട് ക്യാമ്പും സംഘടിപ്പിച്ചു. പി.എം.യുവ വഴി തിരഞ്ഞെടുത്ത പോളിടെക്നിക്, ജെ.എസ്.എസ്, ഐ.ടി.ഐ, പി.എം.കെ.വി.വൈ എന്നീ വിഭാഗങ്ങളിലുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമാണ് സ്ഥാപനതല വിഭാഗത്തിൽ പരിശീലനം ലഭ്യമാക്കിയത്. ഈ രണ്ടു വിഭാഗങ്ങളിലുമുള്ള പ്രവർത്തനങ്ങളിലൂടെ വിദ്യാഭ്യാസ സ്ഥാപനതലത്തിൽ 1607 വിദ്യാർത്ഥികൾ സംരംഭകത്വ പരിശീലനം പൂർത്തീകരിച്ചു. കമ്യൂണിറ്റിതല പരിശീലനങ്ങളുടെ ഭാഗമായി 154 പുതിയ സംരംഭകർക്കും 131 നിലവിലുള്ള സംരംഭകർക്കും പ്രയോജനം ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്.

പി.എം യുവ പദ്ധതിയുടെ ഭാഗമായി സംരംഭകത്വ മേഖലയിലുണ്ടാകുന്ന മുന്നേറ്റം പ്രാദേശിക സാമ്പത്തിക വികസന പ്രക്രിയയ്ക്ക് സഹായകരമാകുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ അധ്യക്ഷ പ്രസംഗത്തിൽ പറഞ്ഞു.

സംരംഭങ്ങളുടെ സ്കെയിൽ അപ് വിഭാഗത്തിൽ സിബിജ(കോഴിക്കോട്), ശരണ്യസനീഷ് (തൃശൂർ)എന്നിവർ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി. സിന്ധു(മലപ്പുറം), ശരത് വി.എ(തൃശൂർ) എന്നിവർ മൂന്നാം സ്ഥാനം പങ്കിട്ടു. സുമിത സി.സി (ആലപ്പുഴ), ആശ.ടി(ആലപ്പുഴ), സിനി നിധിൻ(തൃശൂർ)എന്നിവർ പ്രത്യേക ജൂറി അവാർഡ് നേടി. ആദ്യ മൂന്നു സ്ഥാനക്കാർക്ക് യഥാക്രമം 27,500, 17500, 12500 രൂപ ക്യാഷ് അവാർഡും മെമന്റോയും സർട്ടിഫിക്കറ്റും നൽകും.

ന്യൂ എന്റർപ്രൈസ് മത്സര വിഭാഗത്തിൽ ശ്യാമ സുരേഷ്(തൃശൂർ), റസീനാബി (തൃശൂർ), ബിദുൻ.പി.കെ(കോഴിക്കോട്) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. ധന്യ എം.എസ്(തൃശൂർ), ഫഹദ് അഷ്റഫ് പി.കെ, മുഹമ്മദ് യാസിർ വി.കെ(കോഴിക്കോട്) എന്നിവർക്കാണ് പ്രത്യേക ജൂറി അവാർഡ്. ആദ്യ മൂന്നു സ്ഥാനക്കാർക്ക് യഥാക്രമം 20000, 12500, 10000 രൂപ ക്യാഷ് അവാർഡും മെന്റോയും ലഭിക്കും.

പി.എം യുവ ബെസ്റ്റ് ബിസിനസ് പ്ളാൻ മത്സര വിഭാഗത്തിൽ അബ്ദുൾ ഷുക്കൂർ(ഗവൺമെന്റ് ഐ.ടി.ഐ, മലമ്പുഴ, പാലക്കാട്) ഒന്നാം സ്ഥാനം നേടി. മുഹമ്മദ് യാസിർ വി.കെ, ഫഹദ് അഷ്റഫ് പി.കെ(വേലെയൻ, പി.എം.കെ.വി.വൈ, കോഴിക്കോട്) എന്നിവർ രണ്ടാം സ്ഥാനവും ഷമീം(വി.ബി.വൈ,മലപ്പുറം) മൂന്നാം സ്ഥാനവും നേടി. ആദ്യ മൂന്നു സ്ഥാനക്കാർക്ക് യഥാക്രമം 7000, 5000, 3000 രൂപ ക്യാഷ് അവാർഡും മെമന്റോയും സർട്ടിഫിക്കറ്റും നൽകും.

മെഹ്റാജ്(ജെ.എസ്.എസ്, പാലക്കാട്), ടിന്റു ബിജു(ജെ.എസ്.എസ്, പാലക്കാട്) എന്നിവർക്കാണ് മികച്ച അവതരണത്തിനുള്ള അവാർഡ്. ബെസ്റ്റ് ഇന്നവേഷൻ അവാർഡ് മുഹമ്മദ് സഹൽ(വിബിവൈ,മലപ്പുറം), ബെസ്റ്റ് മാർക്കറ്റ് സ്റ്റഡിക്കുള്ള അവാർഡ് അബ്ദുൾ ബാസിത്.സി(വേലെയ്ൻ, പി.എം.കെ.വി.വൈ, കോഴിക്കോട്) എന്നിവരും കരസ്ഥമാക്കി.

പി.എം.-യുവ ബെസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് അവാർഡ് നേടിയ സ്ഥാപനങ്ങൾ വളവന്നൂർ ബഫഖി യത്തീംഖാന പ്രൈവറ്റ് ഐ.ടി.ഐ, കൽപകഞ്ചേരി, മലപ്പുറം, ജെ.എസ്.എസ്-പാലക്കാട്, വേലൈൻ-കോഴിക്കോട് എന്നിവയാണ്. ബെസ്റ്റ് ഫാക്കൽറ്റി ഫെസിലിറ്റേറ്റർമാർക്കുള്ള അവാർഡ് വിറോഷ്(ആമിന ഐ.ടി.ഐ, കാടാമ്പുഴ, മലപ്പുറം), ഇറാഷ്( വേലൈൻ, പി.എം.ക.വി.വൈ, കോഴിക്കോട്), അർസൽ ബാബു( ഗവൺമെന്റ് ഐ.ടി.ഐ, മലമ്പുഴ, പാലക്കാട്) എന്നിവർക്കാണ്. തിരഞ്ഞെടുത്ത മികച്ച മൂന്നു ഫെസിലിറ്റേറ്റർമാർക്കുള്ള 5000 രൂപ വീതം ക്യാഷ് അവാർഡും മെമന്റോയും സർട്ടിഫിക്കറ്റും വിതരണം ചെയ്യും.

കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ പി.ഐ ശ്രീവിദ്യ സ്വാഗതവും അവാർഡ് പ്രഖ്യാപനവും നിർവഹിച്ചു. ഡോ.പൂനം സിൻഹ (ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എന്റർപ്രണർഷിപ് ആൻഡ് സ്മോൾ ബിസിനസ് ഡെവലപ്മെന്റ്),മുഖ്യ പ്രഭാഷണം നടത്തി. അജിൽ കോവിലൻ(നോഡൽ ഓഫീസർ, പി.എം യുവ, കേരള), എം. സോമേഷ് ആനന്ദ്(സീനിയർ മാനേജർ, പി.എം. യുവ, നാഷണൽ ഇഹബ്, നോയ്ഡ), ബിന്ദു.വി.സി(മാനേജിങ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ), രതീഷ്(സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർ, കുടുംബശ്രീ) എന്നിവർ പങ്കെടുത്തു. കുടുംബശ്രീ പ്രോഗ്രാം ഓഫീസർ രഘുറാം നന്ദി പറഞ്ഞു.

# പെൺകുട്ടികൾ ചാടിപ്പോയ സംഭവം: പോലീസിൻെറ വീഴ്ചയെന്ന് മഹിളാമന്ദിരം സൂപ്രണ്ട്

കൊച്ചി: ചമ്പക്കര ഗവ. മഹിളാമന്ദിരത്തിൽനിന്ന് മൂന്നു പെൺകുട്ടികൾ ചാടിപ്പോയ സംഭവത്തിൽ മരട് പോലീസിനു വീഴ്ച പറ്റിയതായി മഹിളാമന്ദിരം സൂപ്രണ്ട് ബീന.

പെൺകുട്ടികളെ ഉടൻ കണ്ടെത്താനുള്ള തെളിവുകൾ നൽകിയിട്ടും പോലീസ് വേണ്ടത്ര ശ്രദ്ധക്കൊടുക്കാതെ മാധ്യമങ്ങളെ അറിയിക്കുകയാണ് ചെയ്തെന്ന് അവർ കുറ്റപ്പെടുത്തി.

തിങ്കളാഴ്ച പുലർച്ചെ മൂന്നോടെയാണ് പെൺകുട്ടികൾ മഹിളാമന്ദിരത്തിൽനിന്ന് ചാടിപ്പോയത്. ടെറസിൽ നിന്ന് സാരികെട്ടി താഴെ ഇറങ്ങിയാണ് ഇവർ രക്ഷപ്പെട്ടത്. പെൺകുട്ടികളെ കാണാതായത് മഹിളാമന്ദിരം അധികൃതർ അറിഞ്ഞത് പുലർച്ചെ നാലേ മുക്കാലോടെയാണ്. ഉടൻ തന്നെ മരട് പോലീസിൽ പരാതി നൽകിയതായി സൂപ്രണ്ട് പറഞ്ഞു. എന്നാൽ ആറോടെയാണ് പോലീസ് എത്തിയത്. മഹിളാമന്ദിരത്തിലെ സിസിടിവി ദൃശ്യങ്ങൾ പരിശോധിക്കാൻ പറഞ്ഞെങ്കിലും പോലീസ് തയാറായില്ല. പുറത്തും സിസിടിവി ഉണ്ടായിരുന്നു. വൈറ്റില ഹബിലെ സിസിടിവി വഴി അറിയാമെന്നു പറഞ്ഞിട്ടും പോലീസ് അതിനു തയാറായില്ലെന്നു ബീന പറഞ്ഞു.

തുടർന്ന് മഹിളാമന്ദിരത്തിൽ ഉണ്ടായിരുന്ന രണ്ടു ജീവനക്കാരെ മൊഴിയെടുക്കാൻ എന്നു പറഞ്ഞു സ്റ്റേഷനിലേക്കു വിളിപ്പിച്ചിട്ടു 11.30 വരെ ഇരുത്തിയിട്ടാണ് മൊഴിയെടുത്ത് വിട്ടത്. വീണ്ടും ഉച്ചയ്ക്കു മൂന്നിന് പോലീസ് എത്തി ജീവനക്കാരുടെ മൊഴിയെടുത്തു. മരട് സ്റ്റേഷനിൽ പരാതി നൽകിയപ്പോൾ മൂന്നു പെൺകുട്ടികളുടെയും ഫോട്ടോ പോലീസിനു കൈമാറിയിരുന്നു.

എന്നാൽ പോലീസ് ഈ ഫോട്ടോ മാധ്യമങ്ങൾക്കു കൈമാറിയതോടെ അത് സോഷ്യൽ മീഡിയയിൽ വൈറലായി. ആ ഫോട്ടോയ്ക്കു കീഴിൽ പെൺകുട്ടികളെക്കുറിച്ച് അശ്ലീല പ്രതികരണങ്ങൾ വരുന്നുണ്ടെന്നും അവർ പറഞ്ഞു.

ചാടിപ്പോയ പെൺകുട്ടികളിൽ രണ്ടുപേർ കോഴിക്കോട് ചെന്നിട്ട് മഹിളാമന്ദിരം സൂപ്രണ്ടിനെ ഫോണിൽ ബന്ധപ്പെടുകയാണുണ്ടായത്. അവിടെ നിൽക്കാൻ കഴിയാത്തതിനാൽ പോന്നുവെന്നും സഹോദരിയുടെ കോഴിക്കോട്ടെ വീട്ടിൽ ഉണ്ടെന്നും അവരുടെ സഹോദരിയുടെ ഭർത്താവ് സൂപ്രണ്ടുമായി സംസാരിച്ചുവെന്നും ബീന പറഞ്ഞു. ബീന തന്നെയാണ് ഇവർ കോഴിക്കോട് ഉണ്ടെന്ന വിവരം പോലീസിനെ അറിയിച്ചത്.

പോലീസ് ഒന്നുകൂടി ജാഗ്രത കാണിച്ചിരുന്നുവെങ്കിൽ പെൺകുട്ടികളെ ഏറെ വൈകാതെ കണ്ടുപിടിക്കാനാകുമായിരുന്നുവെന്ന് അവർ പറഞ്ഞു. കോൽക്കത്തക്കാരിയായ പെൺകുട്ടി കടന്നു കളയാൻ സാധ്യതയുണ്ടെന്ന കാര്യവും പോലീസിനെ അറിയിച്ചിരുന്നു. മഹിളാമന്ദിരത്തിൽ നിന്ന് കൊടുത്ത വിവരങ്ങൾ മാധ്യമങ്ങൾക്ക് കൈമാറാനാണ് പോലീസ് താൽപര്യം കാണിച്ചതെന്ന് അവർ കുറ്റപ്പെടുത്തി.

അതേസമയം കോഴിക്കോട് കണ്ടെത്തിയ പെൺകുട്ടികളെ പോലീസ് കോടതിയിൽ ഹാജരാക്കി മഹിളാമന്ദിരത്തിലേക്ക് തിരിച്ചെത്തിച്ചിരുന്നു. അതിൽ ഒരാളെ ബന്ധുവന്നു കൂട്ടിക്കൊണ്ടുപോയി. മറ്റൊരാളുടെ അച്ഛനുമായി ബന്ധപ്പെട്ടെങ്കിലും അവർ തിരികെ കൊണ്ടുപോകാൻ താൽപര്യം കാണിച്ചെന്നില്ലെന്നും ബീന പറഞ്ഞു. ഇനി കിട്ടാനുള്ള കോൽക്കത്തക്കാരിയായ പെൺകുട്ടിക്കായി അന്വേഷണം നടക്കുന്നുണ്ടെന്നു മരട് പോലീസ് പറഞ്ഞു.

# അരക്കോടിയുടെ ആംബർഗ്രീസുമായി ലക്ഷദ്വീപ് സ്വദേശികൾ പിടിയിൽ

കൊച്ചി: ലക്ഷദ്വീപിൽനിന്നു കേരളത്തിൽ വിൽപനയ്ക്കായി കൊണ്ടുവന്ന 50 ലക്ഷം രൂപ വിലവരുന്ന ആംബർഗ്രീസുമായി (തിമിംഗല ഛർദി) ലക്ഷദ്വീപ് സ്വദേശികളായ മൂന്നു പേരെ വൈറ്റിലയിൽനിന്നു വനം വകുപ്പ് പിടികൂടി.

ലക്ഷദ്വീപ് അന്ത്രോത്ത് ഐലൻഡ് സ്വദേശികളായ അമ്പാത്തിച്ചേറ്റ അബു മുഹമ്മദ് അൻവർ, പുതിയ സിറാമ്പിക്കൽ പി.എസ്. മുഹമ്മദ് ഉബൈദുള്ള, പുതിയഇല്ലംവീട്ടിൽ സിറാജ് എന്നിവരെയാണ് പിടികൂടിയത്.

ഒരു കിലോ ബ്ലാക്ക് ആംബർഗ്രീസും 400 ഗ്രാം വൈറ്റ് ആംബർഗ്രീസും ഇവരിൽനിന്നു പിടിച്ചെടുത്തു.



# പരിശീലന പരിപാടി സമാപിച്ചു; മന്ത്രിമാർ ക്ളാസിലിരുന്നത് ആകെ 12 മണിക്കൂർ

സംസ്ഥാന മന്ത്രിമാർക്കായി ഐ. എം. ജിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച പരിശീലന പരിപാടി സമാപിച്ചു. ആകെ 12 മണിക്കൂറാണ് മൂന്നു ദിവസങ്ങളിലായി മന്ത്രിമാർ ക്ളാസിലിരുന്നത്. മുഖ്യമന്ത്രി പിണറായി വിജയന്റെ നിർദ്ദേശപ്രകാരമാണ് ഐ. എം. ജി പരിശീലന പരിപാടി നടത്തിയത്. എല്ലാ ദിവസവും രാവിലെ 9.30മുതലാണ് ക്ളാസ് ആരംഭിച്ചത്. മൂന്നു സെഷനുകളിലായി ഉച്ചവരെയായിരുന്നു ക്ളാസ്. ദിവസവും കൃത്യസമയത്ത് തന്നെ മന്ത്രിമാരെല്ലാവരും ക്ളാസിൽ ഹാജരായിരുന്നു. 20ന് മുഖ്യമന്ത്രിയാണ് പരിശീലന പരിപാടി ഉദ്ഘാടനം ചെയ്തത്. ആദ്യ ദിനത്തിലെ ആദ്യ സെഷനിലും അവസാന ദിനത്തിലെ അവസാന സെഷനിലും മുഖ്യമന്ത്രിയും പങ്കെടുത്തു. നീതി ആയോഗ് സി. ഇ. ഒ അമിതാഭ് കാന്താണ് അവസാന സെഷനിൽ സംസാരിച്ചത്. പരിശീലന പരിപാടി വളരെ ഫലപ്രദമായിരുന്നുവെന്ന് തദ്ദേശസ്വയംഭരണ മന്ത്രി എം. വി. ഗോവിന്ദൻ മാസ്റ്റർ പ്രതികരിച്ചു. രാഷ്ട്രീയരംഗത്തെ വലിയ അനുഭവത്തിൽ നിന്ന് പഠിച്ചതിനു പുറമെ ഇനിയുള്ള ഓട്ടത്തിന് മൂന്നു ദിവസത്തെ പരിശീലനം ഇന്ധനം പകരുമെന്ന് ടൂറിസം മന്ത്രി മുഹമ്മദ് റിയാസ് പറഞ്ഞു. ”വിവിധ മേഖലകളെ സ്പർശിക്കുന്ന പരിശീലനമായിരുന്നു. മന്ത്രിമാരെന്ന നിലയിൽ നല്ല ആത്മവിശ്വാസം പകരുന്നതായി. ജനങ്ങൾക്കിടയിൽ കൂടുതൽ ബോധ്യത്തോടെ പ്രവർത്തിക്കാൻ ഈ പരിശീലനം സഹായിക്കും. ഒരുപാട് പുതിയ കാര്യങ്ങൾ മനസിലാക്കാനായി. മന്ത്രിമാർ ഏതെല്ലാം വിഷയങ്ങളിൽ ഇടപെടണം, ഏതൊക്കെ തരത്തിൽ പ്രവർത്തിക്കണം, എന്തെല്ലാം ശ്രദ്ധിക്കണം തുടങ്ങി വിവിധ കാര്യങ്ങൾ പ്രതിപാദിക്കുന്നതായിരുന്നു. ഓരോ മേഖലയിലെയും പരിചയസമ്പന്നരാണ് മന്ത്രിമാരുമായി സംവദിച്ചത്,” മന്ത്രി മുഹമ്മദ് റിയാസ് പറഞ്ഞു.

മികച്ച അനുഭവം പകരുന്നതായിരുന്നു പരിശീലനമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ് അഭിപ്രായപ്പെട്ടു. മൂന്നു ദിവസത്തെ വിദഗ്ധരുമായുള്ള സംവാദം ലക്ഷ്യങ്ങളിലേക്ക് എങ്ങനെ വേഗത്തിലെത്താമെന്നതിന് ദിശ പകരുന്നതായി. ടൈം മാനേജ്മെന്റ്, ആസൂത്രണം എന്നിവയെക്കുറിച്ചും പുതിയ കാഴ്ചപ്പാട് നൽകുന്നതായിരുന്നുവെന്ന് മന്ത്രി പറഞ്ഞു.

മന്ത്രിമാരെന്ന നിലയിൽ വകുപ്പിനെ മുന്നോട്ടു നയിക്കാനും പ്രവർത്തനങ്ങളിൽ ഫലമുണ്ടാക്കാനും പദ്ധതികൾ സമയബന്ധിതമായി തീർക്കുന്നതു സംബന്ധിച്ചും ഒപ്പമുള്ളവരെ പ്രചോദിപ്പിക്കുന്നതിനെക്കുറിച്ചുമെല്ലാം ഫലപ്രദമായ പരിശീലന സെഷനുകളുണ്ടായിരുന്നതായി ഐ. എം. ജി ഡയറക്ടർ കെ. ജയകുമാർ പറഞ്ഞു. മന്ത്രിമാർ പരമാവധി ഉൾക്കൊണ്ടുവെന്നാണ് വിശ്വാസം. പുതിയ കാഴ്ചപ്പാടുകൾ മന്ത്രിമാരുമായി പങ്കുവയ്ക്കാൻ സാധിച്ചതായി അദ്ദേഹം അറിയിച്ചു. മുൻ കാബിനറ്റ് സെക്രട്ടറി കെ. എം. ചന്ദ്രശേഖർ, യു. എൻ ദുരന്ത ലഘൂകരണ വിഭാഗം ചീഫ് ഡോ. മുരളി തുമ്മാരുകുടി, ഐ. ഐ. എം മുൻ പ്രൊഫസറും മാനേജീരിയൽ കമ്മ്യൂണിക്കേഷൻ കൺസൾട്ടന്റുമായ പ്രൊഫ. മാത്തുക്കുട്ടി എം. മോനിപ്പള്ളി, ഇൻഫോസിസ് സഹസ്ഥാപകൻ എസ്. ഡി. ഷിബുലാൽ, ലോകബാങ്ക് മുഖ്യ മൂല്യനിർണയ വിദഗ്ധയും സംസ്ഥാന സർക്കാരിന്റെ മുൻ ജെൻഡർ ഉപദേശകയുമായ ഡോ. ഗീതാ ഗോപാൽ, ഐ. എം. ജി ഡയറക്ടർ കെ. ജയകുമാർ, കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആന്റ് ടെക്നോളജി വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ്, കേന്ദ്ര മുൻ സെക്രട്ടറി അനിൽ സ്വരൂപ്, സിറ്റിസൺ ഡിജിറ്റൽ ഫൗണ്ടേഷൻ സ്ഥാപകരായ നിധി സുധൻ, വിജേഷ് റാം, നീതി ആയോഗ് സി.ഇ.ഒ അമിതാഭ് കാന്ത് എന്നിവരാണ് പരിശീലന പരിപാടിയിൽ മന്ത്രിമാരുമായി സംവദിച്ചത്.

# ഒക്ടോബറിൽ 22 കോടി വാക്സിൻ വിതരണം ചെയ്യുമെന്ന് സിറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ

ന്യൂഡൽഹി: രാ!ജ്യത്ത് ഒക്ടോബറിൽ ഏകദേശം 22 കോടി ഡോസ് കോവിഷീൽഡ് വാക്സിൻ വിതരണം ചെയ്യാൻ കഴിയുമെന്ന് സിറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ കേന്ദ്രത്തെ അറിയിച്ചു. വാക്സിൻ മൈത്രി പദ്ധതി പ്രകാരം വരുന്ന നാല് മാസത്തിൽ ശേഷിക്കുന്ന കോവിഡ് വാക്സിനുകളുടെ കയറ്റുമതി പുനരാരംഭിക്കുമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം പ്രഖ്യാപിച്ചിരുന്നു. കമ്പനി കോവിഷീൽഡിന്റെ ഉല്പാദന ശേഷി വർധിപ്പിച്ചുവെന്നും ഒക്ടോബറിൽ 21.90 കോടി ഡോസുകൾ ഇന്ത്യൻ സർക്കാരിനും സ്വകാര്യ ആശുപത്രികൾക്കും നൽകാൻ കഴിയുമെന്നും സിറം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുടെ ഗവൺമെന്റ് ആന്റ് റെഗുലേറ്ററി അഫയേഴ്സ് ഡയറക്ടർ പ്രകാശ് കുമാർ സിങ് പറഞ്ഞു. ഡിസംബർ 31 നകം കമ്പനി 66 കോടി ഡോസുകളുടെ സമീപകാല വിതരണ ഓർഡർ പൂർത്തിയാക്കുമെന്ന് സിങ് കൂട്ടിച്ചേർത്തു..

പൂനെ ആസ്ഥാനമായുള്ള ഫാർമസ്യൂട്ടിക്കൽ കമ്പനി കോവിഷീൽഡിന്റെ ഉൽപാദന ശേഷി പ്രതിമാസം 20 കോടിയിലധികം ഡോസായി ഉയർത്തി. 2021 ജനുവരി മുതൽ 66.33 കോടി ഡോസ് കോവിഷീൽഡ് ഇന്ത്യൻ സർക്കാരിന് വിതരണം ചെയ്തതായും കമ്പനി അറിയിച്ചു. കൂടാതെ 2021 സെപ്റ്റംബർ 19 വരെ സംസ്ഥാന സർക്കാരുകൾക്കും സ്വകാര്യ ആശുപത്രികൾക്കും 7.77 കോടിയിലധികം ഡോസുകൾ വിതരണം ചെയ്തതായും അവർ കൂട്ടിച്ചേർത്തു. 2021ൽ 130 കോടിയിലധികം ഡോസ് കോവിഷീൽഡ് വിതരണം ചെയ്യാൻ കഴിയുമെന്നും ഉദ്യോഗസ്ഥർ വ്യക്തമാക്കി.

# സെപ്റ്റിക് ടാങ്ക് ശുചീകരണത്തിനിടെ മരിച്ച തൊഴിലാളികളുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരത്തിന് ഉത്തരവ്

മുംബൈ: ഒന്നര വർഷം നീണ്ട നിയമപോരാട്ടത്തിനൊടുവിൽ സെപ്റ്റിക് ടാങ്ക് വൃത്തിയാക്കുന്നതിനിടെ മരിച്ച ശുചീകരണ തൊഴിലാളികളുടെ കുടുംബങ്ങൾക്ക് സർക്കാർ നഷ്ടപരിഹാരം നൽകാൻ ബോംബൈ ഹൈക്കോടതി ഉത്തരവിട്ടു. മരിച്ച തൊഴിലാളികളുടെ ഭാര്യമാർ നഷ്ടപരിഹാരം ആവശ്യപ്പെട്ട് നൽകിയ ഹർജിയിലാണ് കോടതിയുടെ വിധി.

കണ്ണു തുറപ്പിക്കുന്ന കേസാണിതെന്ന് വിശേഷിപ്പിച്ച കോടതി നാലാഴ്ചയ്ക്കകം മഹാരാഷ്ട്ര സർക്കാർ തൊഴിലാളികളുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാര തുക കൈമാറണമെന്നും അവരെ പുനരധിവസിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു. സ്വകാര്യ കരാറിൽ ജോലിചെയ്യുന്ന സെപ്റ്റിക് ടാങ്ക് ശുചീകരണത്തൊഴിലാളികളുടെ മരണത്തിൽ സർക്കാർ നഷ്ടപരിഹാരം നൽകണമെന്ന് കോടതി ആവശ്യപ്പെട്ട ആദ്യ കേസാണിത്. പ്രൊഹിബിഷൻ ഓഫ് എംപ്ലോയ്മെന്റ് അസ് മാന്വൽ സ്കാവഞ്ചേഴ്സ് ആൻഡ് റീഹാബിലിറ്റേഷൻ ആക്ട് പ്രകാരമായിരുന്നു ഹർജി നൽകിയത്. 2019 ഡിസംബറിലാണ് സെപ്റ്റിക് ടാങ്കിനുള്ളിൽ മൂന്ന് പേരെ മരിച്ച നിലയിൽ കണ്ടെത്തിയത്.

ഒരാൾ തലയ്ക്ക് ഗുരുതരമായി പരിക്കേറ്റും മറ്റ് രണ്ടുപേരും ടാങ്കിനുള്ളിലെ വിഷവാതകങ്ങൾ ശ്വസിച്ചുമാണ് മരിച്ചത്.

സെപ്റ്റിക് ടാങ്കുകളും അഴുക്കുചാലുകളും വൃത്തിയാക്കുന്നതിനിടയിൽ മരിച്ച തൊഴിലാളികളുടെ എണ്ണത്തിൽ ബോംബൈ മുനിസിപ്പൽ കോർപറേഷന് കൃത്യമായ കണക്കുകളില്ല. 2014 ന് ശേഷം ആരും മരിച്ചിട്ടില്ലെന്നാണ് അധികൃതരുടെ വിശദീകരണം.

ഇതിനു സമാനമാണ് കേന്ദ്ര സാമൂഹിക നീതി, ശാക്തീകരണ മന്ത്രാലയത്തിന്റെ പ്രതികരണവും .രാജ്യസഭയിലെ ഒരു ചോദ്യത്തിന് മറുപടിയായി,മാനുവൽ സ്കാവഞ്ചിങ് മൂലമുള്ള മരണങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ലെന്നാണ് സാമൂഹ്യ നീതി മന്ത്രി രാംദാസ് അതാവലെ പറഞ്ഞത്.



ഐ. എം. ജിയിൽ സംഘടിപ്പിച്ച മന്ത്രിമാരുടെ പരിശീലന പരിപാടിയിൽ നീതി ആയോഗ് സി. ഇ. ഒ അമിതാഭ് കാന്ത് സംസാരിക്കുന്നു. മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രിമാർ, ചീഫ് സെക്രട്ടറി ഡോ. വി. പി. ജോയ്, പൊതുഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ. ആർ. ജ്യോതിലാൽ, ഐ. എം. ജി ഡയറക്ടർ കെ. ജയകുമാർ എന്നിവർ പങ്കെടുക്കുന്നു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.